# ഉദയം

Vol. 1.

1948
ഫെബ്രുവരി
28-ാംനു
ശനിയാഴ്ച

No. 13



REGISTERED No. 29

PRICE
3
ANNAS

ചിത്രവാരിക

UDAYAM MALAYALAM ILLUSTRATED WEEKLY

## മാന്യ ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

"ഉദയം" ചിത്രവാരികയിൽ പ്രസിദ്ധീകരിക്കുന്നതിന് അയക്കുന്ന ലേഖനങ്ങൾ കടലാസ്സിന്റെ ഒരു പുറത്തു മാത്രം വൃത്തിയായും വ്യക്തമായ കയ്യക്ഷരത്തിലും എഴുതി അയക്കേണ്ടതാണ്. ആശയപരമായോ ഭാഷാപരമായോ തിരുത്തലുകൾ ആവശ്യമെങ്കിൽ അവ ചെയ്യാനുള്ള സൌകര്യത്തിനു വേണ്ടി വരികൾ അകത്തി എഴുതുവാൻ ലേഖകന്മാർ ശ്രദ്ധിക്കണം. ലേഖനങ്ങളും ചെറുകഥകളും "ഉദയ"ത്തിന്റെ നാലു പേജുകളിൽ കവിയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത ലേഖനങ്ങളും ചെറുകഥകളും കവിതകളും മടക്കി വേണമെന്നുള്ളവർ അവ തിരിച്ചയക്കുന്നതിന്നാവശ്യമായ തപാൽ സ്റ്റാമ്പോ കൊച്ചി അഞ്ചൽ സ്റ്റാമ്പോ അവയോടൊന്നിച്ചു അയക്കേണ്ടതാണ്. അതല്ലാത്തപക്ഷം ലേഖനങ്ങൾ തിരിച്ചയക്കുവാനോ, അവ ഇവിടെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വമേറ്റെടുക്കുവാനോ, ഞങ്ങൾക്കു സാദ്ധ്യമല്ല. ഒന്നാം കിടയിലുള്ള ലേഖകന്മാർക്കുമാത്രമേ പ്രതിഫലം നല്കുവാനും നിവൃത്തിയുള്ളു. ആശയവൈശിഷ്ട്യം, പ്രതിപാദനരീതി, ഭാഷ എന്നീമൂന്ന് മാനദണ്ഡങ്ങളിൽ കൂടി നോക്കുമ്പോൾ അവ മൂന്നും പൂർണ്ണമായി പ്രകാശിക്കുന്നുണ്ടെന്ന് പത്രാധിപസമിതി തീരുമാനിക്കുന്ന ലേഖനങ്ങൾക്കു മാത്രമേ മേലിൽ പ്രതിഫലം നല്കുകയുള്ളു. മേൽപറഞ്ഞ മൂന്നു ഗുണങ്ങളും ഇല്ലാത്ത ലേഖനങ്ങൾ, ലേഖനകർത്താക്കളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിമാത്രം, വേണ്ടതിരുത്തലുകൾ ചെയ്ത്, ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അപ്രകാരമുള്ള ലേഖനങ്ങൾക്ക് "ഉദയ"ത്തിൽ സ്ഥലം അനുവദിക്കുന്നതു തന്നെ തൽക്കർത്താക്കൾക്കുള്ള പ്രതിഫലമായി പരിഗണിച്ച് അവർ ആസന്ന ഭാവിയിൽ ഒന്നാംകിട ലേഖകന്മാരായിത്തീരുവാൻ കൂടുതൽ ശ്രമിക്കയാണു വേണ്ടതു്.

## വിഷയ വിവരം


| | | പേജ് |
|---|---|---|
| 1. | ഭൌമികസ്വർഗ്ഗം. (മഹാത്മാ ഗാന്ധി) | 1. |
| 2. | സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. (പണ്ഡിററ് ജവഹരിലാൽ നെഹ്റു) | 2. |
| 3. | Stabilizing prices in Britain.— *(Contributed)* | 4. |
| 4. | Mahatmajee in memoriam.—Sabita Devi. | 5. |
| 5. | കവിതയിലെ വ്യക്തിമാഹാത്മ്യം. (കെ. എം. ഡാനിയൽ എം. എ.) | 6. |
| 6. | ആ പാദമുദ്രകൾ. (കവിത) ഇടയാറന്മുള, കെ. എം. വറുഗീസ് ബി.എ.എൽ.ററി.) | 10. |
| 7. | മാലയെറിഞ്ഞ മാധവി. (ചെറുകഥ) മഹാകവി പള്ളത്ത്. | 11. |
| 8. | ചില അടിയന്തിര പ്രശ്നങ്ങൾ, അവരുടെ അവിശ്വാസം. (പത്രാധിപ പ്രഭാഷണം) | 15. |
| 9. | ഇന്നത്തെ ചെറുകഥകൾ- വി. എക്സ്. | 17. |
| 10. | സിനിമാ പംക്തി. | 19. |
| 11. | തിരുവിതാംകൂറിലെ തെരഞ്ഞെടുപ്പിനു ശേഷം—കെ. വി. സക്കറിയ. | 23. |

ഉദയം

Vol. 1 | 1948 ഫെബ്രുവരി 28-ാംനു- ശനിയാഴ്ച | No. 13

K. JACOB THOMAS MEMORIAL SAHODAYA PUBLIC LIBRARY MANNARGHAT

# *ഭൗമിക സ്വർഗ്ഗം

( മഹാത്മാ ഗാന്ധി )

എൻെറ ബാല്യകാലത്തിൽ, ഞാൻ രാഷ്ട്രീയ കാര്യങ്ങളെപ്പററി എന്തെങ്കിലും അറിയുന്നതിന്ന് മുമ്പ്, ഹൃദയഗതമായ സാമുദായികൈക്യത്തെപ്പററി വിഭാവന ചെയ്തു. ആ ഭാവന ഈ ജീവിതത്തിൽത്തന്നെ സാക്ഷാൽക്കരിച്ചു എന്ന് തോന്നിയാൽ എൻെറ ഈ ജീവിത സയാഹ്നത്തിൽപോലും ഞാൻ ഒരു കൊച്ചു കുട്ടിയെപ്പോലെ തുള്ളിച്ചാടും. പുരാതന മഹർഷിമാർ ചിത്രീകരിച്ചിട്ടുള്ള ഒരു പുരുഷായുസ്സു മുഴുവൻ ജീവിക്കുവാനും, 125-ാം വയസ്സിൽമാത്രം ജീവിതം ത്യജിക്കുവാനുമുള്ള ആഗ്രഹം അപ്പോൾ എന്നിൽ പുനർജ്ജീവിക്കും. അപ്രകാരമുള്ള ഒരു ഭാവനയുടെ സാക്ഷാൽക്കാരത്തിനുവേണ്ടി ആരാണ് സ്വജീവൻ ബലി കഴിക്കാത്തതു്? അപ്പോഴാണ് നമുക്ക് യഥാർത്ഥ സ്വരാജ്യം സംലബ്ധമാകുന്നതു്. അപ്പോഴാണ് നിയമപരമായും ഭൂമിശാസ്ത്രപരമായും ഇന്ത്യയും പാക്കിസ്ഥാനും രണ്ടു സംസ്ഥാനങ്ങളായാലും ദൈനംദിന ജീവിതത്തിൽ നാം ഭിന്നസംസ്ഥാനങ്ങളല്ലെന്ന് യാതൊരുവനും വിചാരിക്കാതാകുന്നതു്.

എൻെറ മുൻപിലുള്ള ആ കാഴ്ച അതിൻെറ സത്തയെപ്പോലും ചോദ്യം ചെയ്യത്തക്ക രീതിയിൽ അത്ര മഹത്തരമായി എനിക്കു തോന്നുന്നു. എന്നിട്ടും ഒരു പ്രസിദ്ധ ചിത്രകാരൻ വരച്ച ഒരു പ്രസിദ്ധ ചിത്രത്തിലെ ബാലനെപ്പോലെ, 'എനിക്കതു് ലഭിക്കുന്നവരെയും ഞാൻ സന്തുഷ്ടനാവുകയില്ല'. അതിലും തുച്ഛമായ എന്തെങ്കിലും ലക്ഷ്യത്തിനുവേണ്ടി ഞാൻ ജീവിക്കുന്നില്ല; ജീവിക്കുവാൻ ആഗ്രഹിക്കുന്നുമില്ല. മനുഷ്യസാദ്ധ്യമാകുന്നിടത്തോളം ലക്ഷ്യത്തോടു അടുത്തു വരുവാൻ പാക്കിസ്ഥാനിലെ സത്യാന്വേഷകന്മാർ എന്നെ സഹായിക്കട്ടെ. ഒരു ലക്ഷ്യം അതു് സംപ്രാപ്യമല്ലെങ്കിൽ ലക്ഷ്യമല്ലാതായിത്തീരുന്നു. ലക്ഷ്യത്തിൻെറ വളരെ അടുത്തെത്തുവാൻ എല്ലാപ്പോഴും സാധ്യമാണ്. മററുള്ളവർ അതു് ചെയ്താലും ചെയ്തില്ലെങ്കിലും നമുക്ക് ബാധകമല്ല. ആ ആദർശലോകത്തിന്നു വേണ്ടിയുള്ള യോഗ്യത ലഭ്യമാകത്തക്കവണ്ണം ഓരോ സ്ത്രീയും പുരുഷനും സ്വയം പവിത്രീകരിക്കപ്പെടുവാനുള്ള മാർഗ്ഗം എല്ലാവർക്കുമായി തുറന്നു കിടക്കുന്നു.

ഞാൻ 1896-ൽ ദൽഹിദുർഗ്ഗവും ആഗ്രാദുർഗ്ഗവും സന്ദർശിച്ച അവസരത്തിൽ, അവിടെ എവിടെവെച്ചാണെന്ന് എനിക്ക് ഓർമ്മയില്ല, ഒരു ദുർഗ്ഗദ്വാരത്തിൽ "ഭൂമിയിൽ സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണ്, അതിവിടെയാണ്" എന്നു അർത്ഥം വരുന്ന ഒരു ഗാനം എഴുതിയിരിക്കുന്നതു് വായിച്ചതായി ഓർക്കുന്നു. പ്രഗത്ഭമായ പ്രൌഢിയോടു കൂടി നിന്ന ആ ദുർഗ്ഗം എൻെറ നോട്ടത്തിൽ ഒരു സ്വർഗ്ഗമല്ലായിരുന്നു. പ്രസ്തുത ഗാനം യഥാർത്ഥമായി പാക്കിസ്ഥാൻെറ എല്ലാ പ്രവേശനദ്വാരങ്ങളിലുമുള്ള ഗേയിററുകളിൽ എഴുതിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അത്തരം ഒരു സ്വർഗ്ഗത്തിൽ—അതു് പാക്കിസ്ഥാനിലായാലും ഇന്ത്യൻ യൂനിയനിലായാലും — ദരിദ്രരോ യാചകരോ, ഉയർന്നവരോ താണവരോ, കോടീശ്വരന്മാരായ മുതലാളിമാരോ അർദ്ധപട്ടിണിക്കാരായ തൊഴിലാളികളോ, ലഹരിപദാർത്ഥങ്ങളോ, ഉണ്ടായിരിക്കുകയില്ല. പുരുഷന്മാർക്ക് ലഭിക്കുന്നത്രയും ബഹുമാനം സ്ത്രീജനങ്ങൾക്കും ലഭിക്കും. സ്ത്രീപുരുഷന്മാരുടെ ചാരിത്രവും ശുദ്ധിയും സശ്രദ്ധം സവിശേഷം സംരക്ഷിക്കപ്പെടും. ഒരുത്തൻെറ ഭാര്യ ഒഴിച്ചുള്ള മറേറതൊരു സ്ത്രീയേയും അവരുടെ അഭിപ്രായത്തിന്നനുസൃതം അമ്മയോ പുത്രിയോ ആയി കരുതി ഏതൊരു മതവിഭാഗത്തിൽ പെട്ടവനും പെരുമാറും. അവിടെ അസ്പൃശ്യത ഉണ്ടായിരിക്കയില്ല; എല്ലാ മതങ്ങളോടും തുല്യമായ ബഹുമാനം ഉണ്ടായിരിക്കും.

ജീവദായകമായ സൂര്യപ്രകാശം ആസ്വദിച്ച് വെയിലത്തു് ശയിച്ചുകൊണ്ടോ മെത്തയിൽ നിവർന്നു കിടന്നുകൊണ്ടോ ഞാൻ തന്നത്താൻ ഈ ആനന്ദസ

# സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം

( പണ്ഡിററ് ജവഹരിലാൽ നെഹ്റു )



നമ്മുടെ വയലുകളിൽ നിന്നും വ്യവസായശാലകളിൽ നിന്നും മരാമത്തു കേന്ദ്രങ്ങളിൽ നിന്നും നമ്മുടെ നാട്ടിലെ കോടിക്കണക്കിനുള്ള സാമാന്യ ജനങ്ങളുടെ സമീപത്തേയ്ക്ക് പ്രവഹിച്ച് ഇന്ത്യയിലെ ഓരോ പൌരനും പട്ടിണിയാൽ അനുധാവനം ചെയ്യപ്പെടാതെ സുഭിക്ഷവും ക്ഷേമസമൃദ്ധവുമായ ഒരു ജീവിതം നയിക്കുന്നതായുള്ള നമ്മുടെ ഭാവന അവസാനം സാക്ഷാൽക്കരിക്കപ്പെടുന്നത് കാണുവാനാണ് നാം ആഗ്രഹിക്കുന്നത്.

സാമ്പത്തിക സ്വാതന്ത്ര്യമില്ലെങ്കിൽ
രാഷ്ട്രീയ സ്വാതന്ത്ര്യം നിരർത്ഥകം.

ഒരുവൻ പട്ടിണികിടക്കുമ്പോൾ അവൻ സ്വാതന്ത്ര്യം ആസ്വദിക്കുന്നുവെന്ന് പറയുവാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. ഒരു രാജ്യം ദരിദ്രമായിരിക്കുമ്പോൾ നിങ്ങൾക്ക് അതിന്റെ സ്വാതന്ത്ര്യത്തെപ്പററി സംസാരിക്കുവാൻ സാദ്ധ്യമല്ല. നാം ദരിദ്രരാണെങ്കിൽ നമ്മുടെ രാജ്യത്തിന് ഭൂമുഖത്ത് ഒരു സ്ഥാനവും ലഭ്യമല്ല. നാം നമ്മുടെ നാടിനെ ഓരോ മനുഷ്യനും അ

---

മാധിയിൽ നിമഗ്നനാകുന്നെങ്കിൽ ഞാൻ പറയുന്നത് ശ്രദ്ധിക്കുന്നവരും എന്റെ വാക്കുകൾ വായിക്കുന്നവരും എന്നോട് ക്ഷമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ ഉപവാസം കഴിയുന്ന വേഗത്തിൽ സമാപ്തീകരിക്കേണമെന്ന് എനിക്ക് ലേശംപോലും ആഗ്രഹമില്ലെന്ന് സംശയാലുക്കളേയും അവിശ്വാസികളേയും ഇത് ബോദ്ധ്യപ്പെടുത്തട്ടെ. എന്നെപ്പോലെ ഒരു മൂഢന്റെ മനോരാജ്യക്കോട്ടകൾ സാക്ഷാൽക്കരിക്കപ്പെടുകയോ ഉപവാസം സമാപ്തീകരിക്കയോ ചെയ്യുന്നില്ലെങ്കിൽ തന്നെയും അതിൽ വലിയ കാര്യമില്ല. എത്രകാലം വേണമെങ്കിലും കാത്തിരിക്കുവാൻ ഞാൻ തയ്യാറാണ്. എന്നാൽ ജനങ്ങൾ എന്നെ രക്ഷിക്കുവാൻ വേണ്ടി മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നറിയുന്നത് എന്നെ വേദനിപ്പിക്കും. ഈശ്വരനിർദ്ദേശമനുസരിച്ചാണ് ഈ ഉപവാസമെന്ന് ഞാൻ അവകാശപ്പെടുന്നു. ഭഗവാൻ ഇച്ഛിക്കുമ്പോഴും ഇച്ഛിക്കുന്നുവെങ്കിലും മാത്രമേ ഇത് ഭഞ്ജിക്കപ്പെടുകയുള്ളൂ. ഈശ്വരേച്ഛയെ യാതൊരു മനുഷ്യാജ്ഞയും അന്യഥാകരിച്ചതായി അറിയപ്പെട്ടിട്ടില്ല; അതൊരിക്കലും അന്യഥാകരിക്കപ്പെടുകയുമില്ല.

---

* മഹാത്മജി തന്റെ മരണത്തിനു മുമ്പ് ഹിന്ദു-മുസ്ലിം ഐക്യത്തിനുവേണ്ടി ദെൽഹിയിൽവെച്ചു നടത്തിയ ഉപവാസം ആരംഭിച്ചതിന്റെ രണ്ടാംദിനം പ്രാർത്ഥനായോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ സ്വതന്ത്ര വിവർത്തനം.

—:o:—

ങ്ങൾ അററത്തുള്ള സാമ്പത്തിക സ്വാതന്ത്ര്യം അനുഭവിക്കുന്ന സുശക്തവും സമ്പൽസമൃദ്ധവുമായ ഒരു രാജ്യമാക്കിത്തീർക്കണം.

ഇതിനുള്ള അടിസ്ഥാനാവശ്യം ഉൽപ്പാദനമാണ്. മതിയാവോളം ധനമുണ്ടാകുന്നതിനും ആ ധനം കോടിക്കണക്കിനുള്ള സാധാരണജനങ്ങൾക്ക് ലഭിക്കത്തക്കവണ്ണം ഒരു ശരിയായ സാമ്പത്തിക പദ്ധതിയനുസരിച്ച് വിതരണം ചെയ്യുന്നതിനും നമുക്ക് ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യൻ പൌരന്മാർ സാമ്പത്തിക സ്വാതന്ത്ര്യം സാക്ഷാൽക്കരിക്കുകയെന്നുള്ളതിന്നർത്ഥം താരതമ്യേന നമ്മുടെ രാജ്യത്തിൻെറ — ഭാരതീയ ജനതയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയെ ജനിപ്പിച്ച രാജ്യത്തിൻെറ — ധനവർദ്ധനവെന്നാണ്.

രാജ്യത്തിൻെറ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്നുള്ളത് ഒരു വൻപ്രശ്നമാണ്. പ്രയോഗത്തിൽ അതിൻെറ അർത്ഥം നവീന ഭാരതത്തിൻെറ അടിസ്ഥാനക്കല്ല് ഇടുകയെന്നാണ്. ഈ വിഷമമേറിയ കൃത്യത്തിൽ പ്രവേശിക്കുവാൻ ഒട്ടും തന്നെ സമയം നഷ്ടപ്പെടുത്തുവാനില്ല.

### വ്യക്തികൾക്കല്ല, രാഷ്ട്രത്തിന് വേണ്ടിയാണ്

നമുക്ക് ഉല്പാദിപ്പിക്കാം. നാം പ്രവർത്തിക്കുന്നത്, ഏതെങ്കിലും പ്രത്യേക വ്യക്തിയുടേയോ ഏതാനും വ്യക്തികളുടേയോ മടിശ്ശീല നിറക്കുവാനല്ല; പ്രത്യുത, രാഷ്ട്രത്തിൻെറ മുഴുവൻ നന്മയ്ക്കു വേണ്ടിയാണ്. ജനങ്ങളുടെ ജീവിതത്തോത് ഉയർത്തപ്പെട്ടും. ഇന്ത്യ അതിവേഗം പുരോഗമിക്കുന്നത് നമുക്ക് കാണാം. നമ്മെ ഇന്ന് അഭിമുഖീകരിക്കുന്ന അനേക പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും.

വളരെയാളുകൾ അടിസ്ഥാന വ്യവസായങ്ങളുടെ ദേശീയവൽക്കരണത്തേയും, സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടുകൃഷിയേയും, രാജ്യത്തിലെ വിഭവസമ്പത്തുകളുടെ ദേശീയവൽക്കരണത്തേയും പററി വിവിധ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗവമ്മേണ്ട് ഇതേവരെ ആസൂത്രണം ചെയ്ത ഒരു നയം പ്രഖ്യാപിച്ചിട്ടില്ല. ഗവമ്മേണ്ട് അതിന് വലിയ പ്രാധാന്യം കല്പിച്ചിട്ടില്ല എന്നല്ല ഇതിൻെറ അർത്ഥം. ദേശീയവൽക്കരണത്തേയോ എല്ലാക്കാര്യവും ഉടൻതന്നെ നടപ്പിൽ വരുത്തുന്നതിനെയോ പററി വെറുതെ സംസാരിക്കുന്നതുകൊണ്ടു മാത്രം ഈ പ്രശ്നം കൈകാര്യം ചെയ്യപ്പെടാവുന്നതല്ല. ഗവമ്മേണ്ട് അതിനെ സസൂക്ഷ്മം പഠിച്ച് ചെയ്യേണ്ടിയിരിക്കുന്നു.

### വിഷമ പ്രശ്നങ്ങളുടെ ആവിർഭാവം

എന്നാൽ ഇതിനു മുമ്പുതന്നെ ആലോചിച്ചുകഴിയുമായിരുന്ന വളരെ കാര്യങ്ങൾ, ഈയിടെയുണ്ടായ വർഗ്ഗീയകലഹങ്ങളും അഭയാർത്ഥി പ്രശ്നവും കാരണം മാററി വെക്കേണ്ടതായി വന്നിട്ടുണ്ട്.

ഈ ഗംഭീര പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ രാജ്യത്തിൻെറ വിഭവ സമ്പത്തിനെ ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികളുമായി മുന്നോട്ടു പോകുവാൻ തങ്ങൾക്ക് സാധിക്കുന്ന വിധത്തിലെല്ലാം ഗവമ്മേണ്ട് പ്രവർത്തിച്ചിട്ടുണ്ട്.

### പുനഃസംവിധാന ബോർഡ്

ഒരു പുനഃസംവിധാന—വികസന ബോർഡ് രൂപവൽകരിക്കപ്പെട്ടിട്ടുണ്ട്. അതിൻെറ പ്രാഥമികമായ പരിഗണനന അഭയാർത്ഥികളുടെ പുനസ്സംവിധാനമാണെങ്കിലും മററു വികസന പ്രശ്നങ്ങളേയും കൈകാര്യം ചെയ്യുന്നതാണ്. രാജ്യത്തിൻെറ വൈയവസായികവും സാമ്പത്തികവുമായ അഭിവൃദ്ധിയുടെ മുഴുവൻ പ്രശ്നത്തേയും കൈകാര്യം ചെയ്യുവാൻ ഒരു പ്ലാനിങ്ങ് കമ്മീഷനെ നിയമിക്കുവാൻ ഗവമ്മേണ്ട് വിചാരിച്ചിരുന്നു. എന്നാൽ ഗവമ്മേണ്ടിൻെറ ശ്രദ്ധ മററു സ്ഥലങ്ങളിൽ വ്യാപൃതമായതിനാലും മററും അതു സാധ്യമായില്ല.

ഗവമ്മേണ്ടിൻെറ വികസനപദ്ധതികളിൽ അധികവും കടലാസ്സിൽ മാത്രം കിടക്കുകയാണ്. അവ ഉടൻ തന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതാണെന്ന് ഉറപ്പു പറയാം.

### ഉല്പാദന വർദ്ധനവാണ് അടിയന്തിരാവശ്യം

എന്നാൽ നമ്മുടെ അടിയന്തിരാവശ്യം ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. വ്യവസായങ്ങളുടെ ദേശീയവൽക്കരണം രാജ്യത്തിൻെറ സമ്പത്തിനെ വർദ്ധിപ്പിക്കുമെങ്കിൽ നാം അതിനെ ദേശീയമാക്കുക തന്നെ ചെയ്യും. അതില്ലെങ്കിൽ ഉല്പാദനത്തിന് ഹാനിസംഭവിക്കാത്ത വിധത്തിൽ അതെങ്ങിനെ സാധിക്കുമെന്ന് നമുക്ക് ആലോചിക്കണം.

ഇന്നത്തെ സമ്പ്രദായത്തിൻെറ സ്ഥാനത്ത് ഒരു പുതിയ വ്യവസ്ഥിതി സ്ഥാപിതമാകുന്നതുവരെ, ഇന്നു നിലവിലുള്ള സമ്പ്രദായത്തെ അടിച്ചുടയ്ക്കുന്നതുകൊണ്ട് മാത്രമായില്ല. നിലവിലിരിക്കുന്ന ഉൽപ്പാദന കേന്ദ്രങ്ങൾക്ക് എന്തു തന്നെ സംഭവിച്ചാലും നൂതനവും പ്രധാനപ്പെട്ടതുമായ ഉല്പാദനകേന്ദ്രങ്ങൾ രാഷ്ട്രത്തിൻെറ കൈയ്യിൽത്തന്നെ ആയിരിക്കണം.

### സാമ്പത്തിക വ്യവസ്ഥിതിയ്ക്ക് പരിവർത്തനമുണ്ടാക്കണം

ലോകത്തിൻെറ പൊതുവേയും, ഇന്ത്യയുടെ പ്രത്യേകിച്ചും, സാമ്പത്തിക വ്യവസ്ഥിതിയിൽ ദ്രുതഗതിയിലുള്ള ഒരു പരിവർത്തനം സംഭവിക്കുവാനുള്ള സമയം സമാഗതമായിരിക്കുന്നു. ഇന്ന് ലോകം ഒരു

യാതനയിൽ നരകിക്കുകയാണ്. അതായത്, 19-ാം നൂററാണ്ടിലെ ആദർശവാദങ്ങൾ 20-ാം ശതാബ്ദത്തിന്റെ മദ്ധ്യദശയിലെ പരിതഃസ്ഥിതികളിലും സ്ഥിതിഗതികളിലും യോജിപ്പിക്കുവാനുള്ള ഒരു ശ്രമം.

നാം കാലത്തിനൊത്തു് പുരോഗമിക്കണം. ലോകസമക്ഷം നവീനമായ ശക്ത്യാധാരങ്ങൾ പൊന്തിവരികയാണ്. അവ ഇന്ത്യയുടെ കൃഷിയിലും വ്യവസായത്തിലും വിപ്ലവപരമായ പരിവത്തനമുണ്ടാക്കിയെന്നുവരാം. നിലവിലിരിക്കുന്ന അടിസ്ഥാനങ്ങൾക്ക് എന്തുതന്നെ സംഭവിച്ചാലും ഈ പുതിയ ഉല്പാദനാടിസ്ഥാനങ്ങൾ രാഷ്ട്രത്തിന്റെ കൈയിൽ തന്നെ ഇരിക്കണം. ഇന്ത്യ ജീവിക്കണമെങ്കിൽ ഉല്പാദനം വദ്ധിപ്പിക്കണം.

* ഡൊമിനിയൻ പാർലിമെൻറിൽ വെച്ച് ഇൻഡ്യാ ഗവമ്മേണ്ടിന്റെ സാമ്പത്തിക നയത്തെ വിശദീകരിച്ചുകൊണ്ട് പ്രധാന മന്ത്രി ചെയ്ത പ്രസംഗത്തിൽ നിന്ന് സമാഹരിച്ചതു്.

—808—

# Stabilizing Prices in Britain

The British Government's plan for stopping price rises comes not too soon for harassed housewives.

Since 1938, the value of the pound sterling in terms of consumer purchasing power has, according to official calculations, dropped by 40%. In short, in the shops, the pound is worth only 12s. instead of 20.

Recent public opinion polls have shown that worry over the rising price spiral is now more common than worry over the shortage of good food.

In the daily needs of an average family, price movements have come under three distinct headings: the subsidized and rationed foods, the wide variety of price-controlled basic consumer goods known as "utility goods", and the uncontrolled consumer and durable goods which range from some fruits and vegetables to fashion articles, such as handbags and hats, and houses, radios and motor cars.

### PEGGING OF PRICES

Under the Cripps price stabilization plan, a large number of prices in the uncontrolled category are to be pegged—voluntarily if possible—at the levels prevailing last December and January.

The Government have asked manufacturers and distributors to put forward proposals for reducing prices voluntarily.

Food is not included in the "freezing" plan because it is already subsidized to the tune of £ 400 m a year and its costs depend largely on world prices. The Government announced last November that the subsidy would not be further increased and that where buying costs increased, they would be passed on to the consumer.

To the consumer, taxation has added a heavy burden on top of other rises caused by higher costs of raw materials, wages or simply increases caused by competitive demand.

First among these items are cigarettes, pipe tobacco and beer. Since 1938, the price of 20 cigarettes has risen from 1s. to 3s. 4d, and a pint of beer from 8d. to 1s. 6d.

Increases in food prices, despite the subsidies, range from 10 to 50% compared with prices at the outbreak of war. The vast range of controlled utility goods, extending from hot water bottles to coffee pots, showed a steady price rise throughout the war, but they are still good bargains because they are free of the 25 to 100% purchase tax levied on other goods.

A man's utility shirt may cost up to 21s, a woman's costume from 3 guineas to 6 guineas, a dress around 5 guineas, a man's suit from £ 8 to £ 12, a pair of cotton bed sheets 20s. to 30s. and a linen utility hand-kerchief about 2s.

All these goods are from 50 to 100 and 50 to 150% more expensive than before the war.

They are "on coupons", which means that each individual can make only a strictly limited purchase—a man's suit will swallow up nearly all his coupons for six months—and utility goods are scarce in the shops.

## MOST SPECTACULAR RISES

The most spectacular rises have taken place in the uncontrolled sector. The price of a house is now three or four times its purchase price before the war. The 8 to 10 h. p. motor car, which cost £ 90 to £ 120 in 1939, will now cost, with purchase tax, £ 300 to £ 400 and, with only a limited number of new cars available in the home market, the price of second hand models has gone up to the same level.

A man's non-utility suit costs, with purchase tax, around £ 21, a woman's costume from £ 15 to £ 25, about double or treble the pre-war price.

Rents have remained under strict control pegged to almost the pre - war level but rents for houses converted into flats since the war have rocketed, together with furnished rents. Fuel, light and laundry charge are today all about 50% above the pre-war rates.

Against this, official statistics show that, since 1938, wages have risen by over 70% and salaries by about 50%, subject to income-tax which works out at about double the pre-war rate. Industrial profits have also gone up by over 70%, subject to increased taxation.

Observers agree that the salaried middle class are probably hardest hit by the war-time and post-war price rises.

## MAHATMAJEE

IN MEMORIAM

This is our travail, this is our cross,
This is the nation's irreparable loss,
Bowed to the stricken soul we grieve,
His sacrifice for our reprieve.

Father and mother was he in one,
Founded with honour our place in the sun,
Bore us to nationhood, suffered the price,
His martyred body love's sacrifice.

Let us arise, we orphans bereft,
Cherish the ideals his teachings have left,
Follow his doctrine in pure pilgrimage,
This through travail is our heritage.

— *Sabita Devi.*




"ശതശിശുക്കൾ" എന്ന ചലച്ചിത്രം കണ്ടശേഷം എലിസബത്ത് രാജകുമാരിയും മാർഗററ്റ് രാജകുമാരിയും "വോഡിറ്റില്ലി" സിനിമാശാലയിൽ നിന്ന് പുറത്തുവരുന്നു.

# കവിതയിലേ വ്യക്തിമാഹാത്മ്യം

(കെ. എം. ഡാനിയൽ, എം. എ.)

"പദസമുച്ചയം ചാണയ്ക്കുവച്ച രത്നമെന്നപോലെ പരമോജ്ജ്വലവും, രചന അർദ്ധനാരീശ്വര ശ്ലോഹലയെ ലാഹലിക്കുന്നതിൽ സമർത്ഥവും, അർത്ഥസ്ഫുരണം മിന്നൽപ്പിണർപോലെ പ്രസന്നവും, രസം മന്ദം മന്ദം പിഴിയപ്പെട്ട ചന്ദ്രമണ്ഡലത്തിൽനിന്നും നിർഗ്ഗളിക്കുന്ന അമൃതംപോലെ ഹൃദ്യവുമായിരിക്കണം. അതാണ് ലോകോത്തരമായ കവികർമ്മ രഹസ്യം; കേവലമായ ശബ്ദകോലാഹലമല്ല"–എന്നു വിദ്യാധരൻ വിശദീകരിക്കുന്ന വിധത്തിലുള്ള ഉത്തമ കവിതയുടെ രചനയിൽ പ്രവർത്തിക്കുന്ന മനുഷ്യ ഹൃദയത്തിന് പ്രധാനമായും മൂന്നംശങ്ങളുണ്ട്. ശക്തി, നിപുണത, അഭ്യാസം എന്നിങ്ങനെ സാഹിത്യമീമാംസകർ അവയ്ക്കു വ്യപദേശമരുളുന്നു. സ്വച്ഛജലം നിറഞ്ഞ സരോവരത്തിൽ പ്രതിബിംബിക്കുന്ന പ്രകൃത്യംഗങ്ങൾക്കെന്നപോലെ വാസനാവാസിതമായ കവിഹൃദയത്തിൽ നിഴലിക്കുന്ന വാസ്തവികങ്ങളും സാങ്കല്പികങ്ങളുമായ എല്ലാ വസ്തുക്കൾക്കും അത്ഭുതപൂർവ്വമായ ഒരു സമാകർഷകത്വം കൈവരുന്നു. ഇതിനു മൂലകാരണമായ കവിയുടെ ചൈതന്യ വിശേഷമാണ് ശക്തി. അതുതന്നെ പ്രതിഭയും. കവിഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്ന വാസന ഉചിതകാരണങ്ങളാൽ ഉന്മിഷിതമായാൽ പ്രതിഭയായി. മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളെയും സമുദായത്തിന്റെ പതനോത്പതനങ്ങളെയും കലാശാസ്ത്രാദികളുടെ ലക്ഷ്യലക്ഷണങ്ങളെയും മററും സുസൂക്ഷ്മം പഠിച്ചു സമ്പാദിക്കുന്ന പാണ്ഡിത്യമാണു നിപുണത. അതിനു വ്യുത്പത്തി എന്നുമുണ്ട് ഒരു പേര്. സുചിരമായ കാവ്യ വ്യവസായം കൊണ്ട് സിദ്ധിക്കുന്ന പരിചയംതന്നെ അഭ്യാസം. ഒരു ഉത്തമ കവിക്ക് അവശ്യം ആവശ്യകങ്ങളായ ഈ മൂന്നു ഗുണങ്ങളുടെയും സമാഹാരമാണ് ഒരു കവിയെ ഇതര ജീവികളിൽ നിന്നും വ്യവർത്തിപ്പിക്കുന്നത്. അതുതന്നെയാകുന്നു ഒരു കവിയുടെ സംസ്കാരത്തിന്റെ ആകെത്തുക. അതുതന്നെ കവിതയിലേ വ്യക്തിമാഹാത്മ്യം (Personality in poetry) എന്ന ശബ്ദസമുച്ചയം കൊണ്ട് ഇവിടെ വിവക്ഷിതം.

മനുഷ്യന്റെ ആന്തര സത്ത്വം വികാരവും വിചാരവുംകൊണ്ടു വിരചിതമാണെന്നുള്ളതു വിവാദാതീതമാണല്ലോ. ജീവിതത്തിലെ കർമ്മപരിപാടികൾ മുഴുവനും ഈ രണ്ടു ചേഷ്ടകളുടെ അനുബന്ധങ്ങളായും സന്തതികളായും പ്രത്യക്ഷപ്പെടുന്നു. മൃഗലോകത്തുനിന്നും മനുഷ്യജീവിയെ ഉയർത്തിപ്പിടിച്ച സിദ്ധികളായിരിക്കാം ഇവ. പുൽക്കൊടിതൊട്ടു നക്ഷത്രമണ്ഡലം വരെയുള്ള അസംഖ്യം സൃഷ്ടിജാലങ്ങൾ മനുഷ്യന്റെ വികാര വിചാരങ്ങൾക്കു വിധേയമാകുന്നുണ്ട്. അക്കൂട്ടത്തിൽ സ്വന്ത സത്തയെപ്പററി അവൻ വിസ്മരിക്കുന്നില്ല. ഓരോ വസ്തുവും പ്രശ്നവും അവന്റെ മുൻപിൽ അതതിന്റെ പരിപൂർണ്ണ ഗൌരവത്തോടുകൂടി അണിനിരക്കുമ്പോൾ വിഭിന്നങ്ങളായ ചിന്തകളും വിഭാവനകളുമാണ് അവനുണ്ടാകുന്നത്. പ്രകൃതിയിലേ സമൃദ്ധ വൈവിധ്യം ഈ വിഭിന്നതയുടെ മാതാവാണ്. പലർക്കും ഒരേ വസ്തുതന്നെ അനുഭവ വിഷയമാകുമ്പോൾ പല അനുഭൂതികളുണ്ടാവുന്നു. ഒരാളുടെ അനുഭവം മററൊരാളുടെ അനുഭവത്തോടു സമാനമാണെന്ന് വരാമെന്നല്ലാതെ ഒരേ അനുഭവം ഏകരൂപത്തിൽ അനേകംപേർക്ക് ഉണ്ടാവുകയില്ലതന്നെ! ക്രാന്തദർശികളായ കവികളും ഈ തത്ത്വത്തിനു വിധേയരാണ്. അതുകൊണ്ടാകുന്നു ഒരേ വസ്തുവിനെപ്പററി വിഭിന്ന കവികൾക്കു വിഭിന്ന ദർശനങ്ങളുണ്ടാവുന്നതും. ഇളം കുളിർകാററിലാടി നില്ക്കുന്ന ഒരു ചെമ്പനീർപ്പൂവിനെ പ്രേമതരളിതയായ കാമിനീമണിയായി ഒരു കവി കാണുമ്പോൾ, സൌരഭ്യം, സൌന്ദര്യം എന്നീ അഭിജ്ഞാനങ്ങളുമേന്തി പരാത്മ ചൈതന്യത്തിന്റെ നിർദ്ദേശാനുസരണം മനുഷ്യനുമുൻപിൽ പ്രത്യക്ഷപ്പെടുന്ന ഒരു സന്ദേശ വാഹകനായി മററൊരു കവി കാണുന്നു. ഈ വിഭിന്നതയ്ക്കു മൂലകാരണമായി കവിയുടെ ആന്തര സത്ത്വത്തിന്റെ ഓരോ പരമാണുവിലും വിലീനങ്ങളായുള്ള ശക്തി, നിപുണത, അഭ്യാസം എന്നിവയുടെ ആകെത്തുകയാണു കവിതയിലേ വ്യക്തി മാഹാത്മ്യം.

കവിതയിൽ പ്രതിബിംബിക്കുന്ന കവിയുടെ വ്യക്തിത്വത്തിനു പ്രധാനമായി രണ്ടംശങ്ങളുണ്ടെന്നു കാണുവാൻ വിഷമമില്ല. ഒന്ന്, കവിക്കു സ്വന്തവും പ്രത്യേകവുമായ ജീവിതചരിത്ര സംഭവങ്ങൾ. ഷേക്സ്പിയർ, അദ്ദേഹത്തിന്റെ ഗീതകങ്ങളിൽ, ചില ജീവിതചരിത സംഭവങ്ങളുടെ സൂചനം നല്കുന്നതായി നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. "സ്ഥാനാദസ്മാത്" എന്നു തുടങ്ങുന്ന മേഘദൂത ശ്ലോകാർദ്ധത്തിൽ, കാളിദാസൻ തനിക്കു കാവ്യ ലോകത്തിൽ ഒരു പരിപന്ഥിയായിരുന്ന ദിങ്നാഗാചാര്യരെ സ്മരിക്കുന്നതായി മല്ലിനാഥൻ വ്യാഖ്യാനിക്കുന്നു. ഭവഭൂതി, മാലതീമാധവം നാടകത്തിന്റെ ഭൂമികയിൽ, "ഇവനെന്തറിയാം എന്ന ഭാവത്തോടുകൂടി ചിലർ നമ്മെ നിന്ദിക്കു

ന്നുണ്ട്. മഹാ തത്വജ്ഞന്മാരായ അവർക്കുവേണ്ടിയല്ല എന്റെ ഈ പ്രയത്നം. കാലം അനന്തവും ഭൂമി വിപുലവുമാകയാൽ, എന്നെപ്പോലെ മനോഗതിയും മററുമുള്ള ഒരുവൻ ഒരു കാലത്തു് എവിടെയെങ്കിലും ഉണ്ടാവാതിരിക്കയില്ല" എന്നു് ഉപന്യസിച്ചിട്ടുണ്ട്. കവിയുടെ ജീവിതത്തിലെ അവിസ്മരണീയങ്ങളും ദുഃഖമയങ്ങളുമായ ചില സംഭവങ്ങളെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. മലയാള കൃതികളിലും ഇത്തരം ജീവിതാംശപ്രതിപാദനം അങ്ങിങ്ങായിക്കാണാം. "എങ്കലുള്ള പരമാർത്ഥം പാട്ടുകൊണ്ടുണ്ടാം" എന്ന ഭാഗത്തു രാമപുരത്തു വാര്യർ തന്റെ ദാരിദ്ര്യാവസ്ഥയേയും,

"മുലകുടിമുതലേ ഞാനേതു സൽകാവ്യകൃത്തിൻ
കല മധുരവചസ്സിൽ കൗതുകാധിക്യമാന്നു്"

എന്നു തുടങ്ങുന്നവിലാപപഞ്ചവിംശതീ ഭാഗത്തിൽ ഉള്ളൂർ തന്റെ ചില ജീവിത ചരിത്രഭാഗങ്ങളേയും, ബധിരവിലാപത്തിലാകമാനം വള്ളത്തോൾ തനിക്കുണ്ടായ അതി ഭയങ്കരമായ ദൗർഭാഗ്യത്തേയുംപററി പ്രസ്താവിക്കുന്നു. ജീവിതത്തിലെ ഇത്തരം പ്രത്യേക സംഭവങ്ങൾ കാവ്യത്തിൽ പ്രതിബിംബിതമാവുന്ന കവിയുടെ വ്യക്തിത്വത്തിന്റെ ഒരംശമാണെന്നതിൽ പക്ഷാന്തരത്തിനു് അവകാശമില്ല. എന്നാൽ ഇതിനു വ്യക്തിപരത്വം എന്നാണു് പേരു പറയേണ്ടതു്. കവിതയുടെ ഉത്തമത്വാധമത്വങ്ങൾ നിർണ്ണയിക്കുന്നതു് കവിത അനുവാചക ഹൃദയത്തിലുണ്ടാക്കുന്ന അനുഭൂതികളുടെ മൂല്യത്തിന്റെ ഏററക്കുറച്ചിലാണല്ലോ. കവിയുടെ വ്യക്തിപരത്വം പ്രതിഫലിക്കുന്ന കാവ്യ ഭാഗങ്ങളിൽനിന്നും സഹൃദയനു കൈവരുന്ന അനുഭൂതിക്കു മൂല്യം കുറവാകുന്നു എന്നുള്ളതുകൊണ്ടാണു് അത്തരം കാവ്യഭാഗങ്ങൾക്കു സഹൃദയഹൃദയം വലിയ പ്രാധാന്യം കല്പിക്കാത്തതു്. കവിയുടെ വ്യക്തിത്വത്തിന്റെ ഈ അംശമല്ല കാവ്യനിരൂപണത്തിൽ അവശ്യജ്ഞേയമായുള്ളതു് എന്നു കാണിക്കുവാനത്രേ 'Personality' എന്ന അർത്ഥത്തിൽ 'വ്യക്തിമാഹാത്മ്യം' എന്നു ഞാൻ പ്രയോഗിക്കുന്നതു്.

കവിയുടെ വ്യക്തിമാഹാത്മ്യത്തിനു്, ശക്തി നിപുണതാഭ്യാസങ്ങളുടെ സമ്മേളനത്തിനു്, സൗന്ദര്യബോധം എന്നു് അപരനാമധേയം കല്പിക്കാം. കവിയുടെ വ്യക്തിത്വത്തിന്റെ രണ്ടാമത്തെ അംശമായ ഈ സൗന്ദര്യബോധം, പ്രകൃതിയുടെ ആകർഷണ വീചികളിൽ പെട്ടു് ഇളകിയാടുന്ന കവിഹൃദയത്തിലുണ്ടാകുന്ന വികാരവിചാരങ്ങളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുന്നു. ഓരോ കവിക്കും ഓരോ മാതിരി വികാരവിചാരങ്ങളുണ്ടാകുന്നതുപോലും ഈ ബോധത്തിന്റെ സഹായത്താലാണു്. ഒരിടത്തു മുങ്ങി മറെറാരിടത്തു പോയ്പ്പൊങ്ങി, അലകൾ മുറിച്ചു നീന്തുന്ന ഉണ്ണികൃഷ്ണൻ, ഒരിടത്തു മരിച്ചു് മറെറാരിടത്തു ചെന്നു ജനിച്ചു്, പ്രതിബന്ധങ്ങളെ തകർത്തു് പ്രയാണം നിർവഹിക്കുന്ന മനുഷ്യരുടെ ജീവിത നാടകത്തെ അഭിനയിക്കുന്നതായി ഒരു കവി കാണുന്നതു് എന്തു കൊണ്ടു് എന്നു് ചോദിച്ചാൽ, അയാളുടെ സൗന്ദര്യബോധത്തിന്റെ പ്രത്യേകത കൊണ്ടു് എന്നുത്തരം. ഈ പ്രത്യേകത തന്നെയാണു് അയാളുടെ വ്യക്തിമാഹാത്മ്യം. കവിയുടെ വ്യക്തിമാഹാത്മ്യം എത്രമാത്രം ഉയർന്നതാണോ അത്രമാത്രം ശ്രേഷ്ഠമായിരിക്കും അയാളുടെ കാവ്യം. വള്ളത്തോളിന്റെ "മഴയത്തൊരു നടത്തവും," ഉള്ളൂരിന്റെ "മഴത്തുള്ളിയും" പരിശോധിക്കുക.

മിക്കവാറും ഒരേ വസ്തുതന്നെയാണു് രണ്ടു കവികളുടേയും സൗന്ദര്യബോധത്തെ കിക്കിളിയിട്ടു വ്യാപരിപ്പിക്കുന്നതു്. 'മഴത്തുള്ളി'യിൽ പൂർവാചാര രീതിയിലുള്ള ഉല്ലേഖപരമ്പരകൾ അനുവാചകനെ രസിപ്പിക്കുന്നു. അവിടെ കവിയുടെ നിപുണതാഭ്യാസങ്ങളാണു് പ്രധാനമായും വ്യാപരിക്കുന്നതു്. പ്രതിഭയാകട്ടെ ഗൗണമായിരിക്കുന്നതേയുള്ളൂ. എന്നാൽ 'മഴയത്തൊരു നടത്ത'ത്തിൽ പ്രതിഭ പ്രധാനവും നിപുണതാഭ്യാസങ്ങൾ ഗൗണങ്ങളുമായിത്തീരുന്നു. "കേറുന്നു മുകളിൽ കഥഞ്ചന" എന്ന ശ്ലോകം നോക്കുക. അതിൽ, വെള്ളത്തിന്റെ പല ദശകളേയും പ്രാപഞ്ചികന്മാരുടെ ജീവിതയാത്രയിലെ ദശകളുടെ പ്രതിബിംബമായി കവി കാണുന്നു. കവിത്വത്തിന്റെ മൂലകാരണമായ പ്രതിഭ നിപുണതാഭ്യാസങ്ങളെ അപേക്ഷിച്ചു പ്രധാനമാണെന്നുള്ളതുകൊണ്ടു്, 'മഴയത്തൊരു നടത്ത'ത്തിൽ പ്രതിബിംബിക്കുന്ന വ്യക്തിമാഹാത്മ്യം 'മഴത്തുള്ള'യിലേതിനെക്കാൾ ഉജ്ജ്വലമാണെന്നു പറയാതെ തരമില്ല.

ശക്തി നിപുണതാഭ്യാസങ്ങൾ ഒരുപോലെ ഇണങ്ങിച്ചേർന്നു കഴിഞ്ഞാൽ സൗന്ദര്യബോധം ഉച്ചമായിത്തീരും. ഈ സൗന്ദര്യബോധം വളർന്നുകൊണ്ടു തന്നെ ഇരിക്കുന്നു. അനുനിമിഷം കവിക്കുണ്ടാകുന്ന അനുഭവങ്ങൾ അവന്റെ പ്രതിഭാദിഗുണങ്ങളെ സ്പർശിക്കാതെ തരമില്ലല്ലോ. അനുഗൃഹീതനായ ഏതൊരു കവിയുടെ കൃതികളിലും ഈ വളച്ച് കാണുവാൻ കഴിയും. മാളവികാഗ്നിമിത്രം, വിക്രമോർവശീയം, ശാകുന്തളം എന്നീ നാടകങ്ങളിൽ നിന്നും കാളിദാസകവിയുടെ വ്യക്തിമാഹാത്മ്യത്തിന്റെ ക്രമാനുഗതമായ വളച്ച് സൂക്ഷ്മദൃക്കുകൾക്കു മനസ്സിലാക്കാവുന്നതാണു്. കവിയുടെ വ്യക്തിത്വത്തിനു് മാഹാത്മ്യമേറുന്തോറും കാവ്യത്തിന്റെ മഹിമയും ഏറിവരുന്നു. തന്മൂലം വ്യക്തിമാഹാത്മ്യമാണു് സാഹിത്യലോകത്തിൽ കവിക്കുള്ള സ്ഥാനമെന്തെന്നു നിർണ്ണയിക്കുന്നതു്.


പരിപുഷ്ടമായ സൗന്ദര്യബോധത്തിന്റെ ദൃഢമുദ്ര പതിഞ്ഞതായിരിക്കും ഏതൊരു കവിയുടേയും

അത്യുത്തമകൃതി. തന്മൂലം വിഭിന്ന കവികളുടെ വ്യക്തിമാഹാത്മ്യത്തിന്റെ തരതമഭാവം നിർണ്ണയിക്കുന്നതിനു പററിയ ഉപകരണം അവരുടെ ഉത്തമ കൃതികളെ തുലനം ചെയ്തുകൊണ്ടുള്ള പഠനമാണ്. ഈ നിയമത്തെ അടിസ്ഥാനമായി സ്വീകരിച്ച് കാളിദാസനെയും ഭവഭൂതിയേയും താരതമ്യപ്പെടുത്തി നോക്കാം. കാളിദാസന്റെ ശാകുന്തളവും ഭവഭൂതിയുടെ ഉത്തരരാമചരിതവും അവരുടെ സൗന്ദര്യബോധത്തിന്റെ വിജയസ്തംഭങ്ങളാണ്. എന്നാൽ, കാളിദാസൻ ബാഹ്യസൗന്ദര്യവർണ്ണനയിൽ രസിക്കുമ്പോൾ, ഭവഭൂതി ആന്തരിക സൗന്ദര്യവർണ്ണനയിൽ ആഹ്ലാദിക്കുന്നു. ശാകുന്തളത്തിലെ നായികാരൂപവർണ്ണനങ്ങൾ സജീവങ്ങളും ഹൃദയഗ്രാഹികളുമാണ്. എന്നാൽ അവയ്ക്ക് ഉത്തരരാമചരിതത്തിലെ സീതാവർണ്ണനങ്ങൾക്കുള്ള മാഹാത്മ്യമില്ല. കാരണം, ശകുന്തള ബാഹ്യസൗന്ദര്യത്തിന്റെ മൂർത്തീകരണമാണെങ്കിൽ, സീത സ്വഭാവസൌന്ദര്യത്തിന്റെ പാവനാവതാരമാണ്. ബാഹ്യസൗന്ദര്യം ആഭ്യന്തരസൗന്ദര്യത്തിന്റെ മുൻപിൽ നിർജ്ജീവവും നിഷ്പ്രഭവുമായിത്തീരുന്നു. ഭവഭൂതിക്കു സീതയുടെ ബാഹ്യരൂപത്തെപ്പററി വിചാരിക്കുവാൻ പോലും സൗകര്യം ലഭിക്കുന്നില്ല അദ്ദേഹം സീതയുടെ ആന്തരികങ്ങളായ ഗുണഗണങ്ങളിൽ തന്നെ വ്യാമുഗ്ദ്ധനായിപ്പോയി. അങ്ങനെ ഭവഭൂതിയുടെ വ്യക്തിമാഹാത്മ്യം കാളിദാസന്റെ വ്യക്തിമഹത്വത്തെ കവച്ചു കടക്കുന്നു. അതു കൊണ്ടാണ് ഭവഭൂതി കാളിദാസനേക്കാൾ ശ്രേഷ്ഠനായ കവിയാണെന്ന് ചിലർ പറയുന്നത്.

സൗന്ദര്യ സമുദ്രത്തിൽ തരംഗപരമ്പരകൾ സൃഷ്ടിച്ചു വിടുകയാണ് കവികൾ ചെയ്യുന്നത്. ആ തിരമാലകളിൽ സ്വയം ലയിച്ച് അനുഭൂതി അടയുകയാണ് സഹൃദയന്റെ ധർമ്മം. ഈ കർത്തവ്യത്തിൽ കവിയുടെ സൗന്ദര്യബോധത്തെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം സഹൃദയനു് അത്യന്താപേക്ഷിതമായിരിക്കുന്നു. അതായത്, കവിയുടെ വ്യക്തിമാഹാത്മ്യവുമായി ഐക്യം പ്രാപിച്ചാൽ സഹൃദയന്റെ കർത്തവ്യത്തിൽ ഒരു വലിയ ഭാഗം കഴിഞ്ഞു.

---

തിരുവിതാംകൂർ രാഷ്ട്രീയ രംഗത്തിലെ (Boxing) കുത്തു മത്സരക്കളി.



"കല്പന"യിലെ പ്രധാന നടീനടന്മാരായ ഉദയ ശങ്കറും അംലാദേവിയും



# ആ പാദമുദ്രകൾ

( ഇടയാറന്മുള കെ. എം. വറുഗീസ് ബി. എ; എൽ. റ്റി. )

(കേക)

എന്തൊരക്രമം!–ഹാ! ഹാ! വൃദ്ധനാം പിതാവിൻെറ
ബന്ധുരവക്ഷസ്സിലോ ചൊരിഞ്ഞു തീയുണ്ടകൾ;
കല്പാന്ത പ്രളയാഗ്നിജ്വാലകൾ തള്ളിക്കേറി-
യപ്പൊഴേ വെണ്ണീറാക്കിയില്ലല്ലോ ജഗത്തിനെ!

സന്തപ്തബാഷ്പം വർഷിച്ചുഴറിച്ചോദിക്കയായ്
സത്യത്തിൻ സനാതന സാക്ഷിയാം താരാപഥം:—
"സത്യത്തെ, യഹിംസയെ,ദ്ധർമ്മത്തെ ക്രൂശിക്കാൻ,ശ്രീ-
ബുദ്ധനെ പ്രസവിച്ച നാട്ടിലുമാളുണ്ടായോ? "

ധർമ്മരൂപിണിയാകുമാർഷ ഭാരതത്തിൻെറ
കർമ്മദക്ഷരാം വീരപുത്രരെന്നഭിമാനം,
എങ്ങനെ പുലർത്തീടുമിനിയും പാരിൽ നമ്മ-
ളെങ്ങനിപ്പിതൃഹത്യാ പാപത്തിൻ ശിക്ഷനീക്കും?

കേവലം മൃഗമെന്നോ മാനവൻ? – മൃഗങ്ങൾക്കു-
മീവിധം പിതൃരക്തതൃഷ്ണയുണ്ടാവില്ലല്ലോ !

ബാപ്പുജി — ധർമ്മത്തിൻെറ കാഞ്ചനമണി ദീപം;
നാല്പതുകോടിക്കുയിർ നല്കിയ ധന്വന്തരി;
പേരാളും സബർമതിയാശ്രമത്തിലെ ഫക്കീർ;
പാരിൻെറ ചെങ്കോലാണ്ട നിസ്വനാം രാജാധീശൻ;
നരനായ് പിറന്നിട്ടു വൻതപഃപ്രഭാവത്താൽ
സുരന്മാർക്കുമേ നിത്യദേശികനായിത്തീർന്നോൻ;
ഭൂതസഞ്ചയങ്ങളിൽ തന്നെത്താൻ കണ്ടും സർവ്വ-
ഭൂതസഞ്ചയത്തെയും തന്നുള്ളിൽത്തന്നെ കണ്ടും;
പൂതമാമദ്വൈതത്തെ ജീവിതാധ്വാവിലെങ്ങും
ദ്യോതിപ്പിച്ചരുളിയോരന്‍പെഴും കർമ്മയോഗി,
ഇന്നോളം ജഗത്തിന്നു ശാന്തിനല്കുവാൻ വന്നൊ—
രുന്നതാദർശങ്ങൾ തൻ പ്രഗല്ഭപ്രവാചകൻ—
പോയല്ലോ മഹാത്മജി! – മർത്ത്യമാഹാത്മ്യം വെന്തു
പോയല്ലോ പൈശാചിക വിദ്വേഷക്കൊടുംതീയിൽ.
വിശ്വൈക പ്രേമത്തിൻെറ കാന്തികന്ദളം വീശും
നിസ്തുല തേജോമയ നേത്രങ്ങളടഞ്ഞുപോയ്;
മൌനമുദ്രിതമായ്പോയ് ബൈബിളും ഖുറാനുമാ-
ഗീതയുമുരുവിട്ട പുണ്യമാം രസനാഗ്രം;
ക്രുദ്ധരോഷമാന്ന പാമ്പിനെപ്പോലും നൃത്ത-
മാടിച്ച മൃദുസ്മേരപ്രസരം നിലച്ചുപോയ്;
പാവങ്ങൾക്കേകാലംബമായിരുന്നൊരക്കൈകൾ
പൂമൊട്ടായ്വിശുദ്ധമാവക്ഷസ്സിൽ പതിഞ്ഞുപോയ്
മംഗളംകൃഷിചെയ്‌വാൻ ഭാരത ക്ഷേത്രത്തിങ്ക-
ലെങ്ങുമേ സഞ്ചരിച്ച കാലുകൾ തളർന്നുപോയ്;-
ആഹന്ത!—ചിതാഗ്നിയിൽ ദഹിച്ചു കഴിഞ്ഞല്ലോ
സ്നേഹമേ കുടികൊണ്ട പാവനകളേബരം!!

ഹിമവാൻ മൂർച്ഛിക്കവെ, വിണ്ടലം ഗർജ്ജിക്കവേ,
സമസ്ത രാഷ്ട്രങ്ങളും വാവിട്ടു വിലപിക്കെ,
യമുനാതീരത്തിലെച്ചിതയിൽ ദഹിച്ചുപോയ്
ശിവനേ!—ശ്രീഭാരതഭാഗ്യധാതാവിൻ ദേഹം!!
അച്ചിതാഭസ്മത്തിൻെറ രേണുക്കളെല്ലാം പുണ്യ-
വിശ്രുത തീർത്ഥങ്ങളിൽ വീണിതാ ലയിക്കുന്നു;
ലോകത്തിൻ തിമിരത്തെ വിദൂരീകരിച്ചോരു
ലോകബാന്ധവൻ പോയ്മറഞ്ഞിതെന്നോന്നോക്കും;
ഭൂചക്രവാളം ഭേദിച്ചിരമ്പിക്കേറിടുന്നു
ഭൂമിയെ ഗ്രസിക്കുവാൻ ഭീകരമന്ധകാരം!!

എങ്കിലും മായുകില്ലതെല്ലുമമ്മഹാത്മാവിൻ
തങ്കപ്പൂമൃദുപാദമുദ്രയീമണ്ണിൽ നിന്നും;
വിശ്വവശ്യമായുള്ളോരത്തിരുമുഖത്തു നി—
ന്നന്ത്യമായ് പ്രസരിച്ച ശാന്തഗംഭീരശബ്ദം—
നവ്യമാമുപനിഷത്സൂക്തം പോലവിടുന്നു
നമ്മൾക്കു ചൊല്ലിത്തന്ന " രാമരാമേതി " ശബ്ദം—
അസംഖ്യം കല്പാന്തങ്ങൾ കഴിഞ്ഞീടിലും കേൾക്കാ-
മഹിംസാതത്വത്തിൻെറവെന്നിക്കൊമ്പൊലിപോലെ

അല്ലയോ! ഭ്രാതാക്കളെ, വരുവിൻ, സ്വാർത്ഥത്തിൻെറ
മുള്ളുകൾ നിറഞ്ഞുള്ള പാതകൾ വെടിഞ്ഞുടൻ,
സമത്വം സാഹോദര്യ മഹിംസാവ്രതമെന്നീ—
വിശുദ്ധ സന്ദേശങ്ങളൊരുക്കും വഴിയൂടെ,
നമ്മൾതൻ ഗുരുവിൻെറ പാദമുദ്രകൾ നോക്കി—
സ്സഞ്ചരിച്ചീടാം — മണ്ണുവിണ്ണായി മാറീടട്ടെ!!

—8*8—8*8—

ചെറുകഥ

# മാലയെറിഞ്ഞ മാധവി

(മഹാകവി പള്ളത്തു്)

" മാവി, മാവി, എന്തൊരു മയക്കമാണിതു്? അവീൻ കഴിച്ച അമലുപോലെ – എണീക്കൂ? ഞങ്ങളുടെയൊക്കെ കഴുത്തില് മാല ആകാശത്തുനിന്നൊന്നും വന്നു വീണതല്ല. രണ്ടാമത്തെ ആലോചനയാണു് അടുത്തു കൂടിയിരിക്കുന്നതു്. ഭർത്താവിൻെറ അമ്മാമനാ വന്നിരിക്കുന്നതു്. പ്രഭുക്കൾ—നിന്നെ ഒന്നു കാണണമത്രെ—എണീക്കൂ? "

മാധവീബായി കണ്ണുമിഴിച്ചു്, " അതെ, എന്നെ അലോക്യപ്പെടുത്താതിരിക്യോ. എനിക്കു് ഇന്ദ്രനും വേണ്ടാ, ചന്ദ്രനും വേണ്ടാ, എൻെറ മനസ്സിൽ മറെറാരു മാല വീണുകഴിഞ്ഞു, " ഒരു ചുടുനെടുവീർപ്പോടെ അവൾ പറഞ്ഞു.

നാണിയമ്മ: " നെരിപ്പോട്ടിൽ പൊങ്കാരംപോലെ എന്തൊക്കെയൊ മാവിയുടെ മനസ്സിൽ കിടന്നു പൊരിയുന്നുണ്ടു്. എന്നോടെന്താ നിൻെറ പ്രണയരഹസ്യം പറയാഞ്ഞതു് ഇതേവരെ? " മാ. ബാ: "എൻെറ ഹൃദയസുഗന്ധം പുഷ്പമെന്നപോലെ ഒരു മന്ദാനിലനു് അർപ്പിച്ചു കഴിഞ്ഞു. അതിനുശേഷം കാനനം മൂന്നു വട്ടംപൂത്തു കഴിഞ്ഞു " എന്നു് പ്രേമകോമളമായ ഒരു സാഹിത്യഭാഷ തട്ടിമൂളിച്ചു. " ഞാനന്നു് ആറാം ഫാറത്തിൽ പഠിക്കുകയായിരുന്നു. അയ്യോ! എൻെറ മേലൊക്കെപ്പൊട്ടിത്തരിക്കുന്നു. " അവളുടെ കൺപോളകൾ തൂങ്ങി; മുഖത്തു് ഒരു മ്ലാനത പാഞ്ഞു.

നാണി: " കേൾക്കട്ടെ, നാരീ ഹൃദയരഹസ്യത്തിൻെറ നിഘണ്ടു നിനക്കു് വേറൊന്നു് എഴുതിയിട്ടില്ലല്ലൊ. എന്നിട്ടു്? "

മാധ: പുൽപ്പായിൽ തിരിഞ്ഞു കിടന്നു് ഞരമ്പിളക്കംബാധിച്ചപോലെ, "അന്നത്തെ വാർഷികത്തിനു് അദ്ധ്യക്ഷനെ ഹാരമണിയിക്കാനെന്നെ ഭാരപ്പെടുത്തി: സ്ത്രീ ഹൃദയമറിയാത്ത ഒരു ഹെഡ് മിസ്ട്രസ്. " മാധവിയുടെ മുഖത്തു് ഒളിവും തെളിവും പാഞ്ഞുകൊണ്ടിരുന്നു. മുല്ലപ്പൂവിൽ പരന്ന പൂനിലാവുപോലെ ഒരു പുഞ്ചിരി; " മറുനിമിഷത്തിൽ, കരിമുകിലിൻെറ ഒരു നേരിയ നിഴൽ. " നാണിയമ്മയുടെ നേരംപോക്കു നിലച്ചു. പുല്ലുപായിൽ ഒന്നു കാലൂന്നി മാവിയുടെ ഹൃദയത്തിൻെറ അഗാധതയിലേയ്ക്കു് എത്തിനോക്കുംപോലെ ഇരിപ്പായി. മാവിയാകട്ടെ തൊണ്ടയിടറി നെററിത്തടത്തിൽ വിയർപ്പു പൊടിഞ്ഞു് മിഴികൊണ്ടായി മൊഴി. നാണിയമ്മയുടെ മനസ്സു് പുതുവെണ്ണപോലെ ഉരുകി. " മാവി, മാവി, ഞാൻ ഒന്നും ചോദിക്കുന്നില്ല. നിനക്കെന്താ കുടിക്കാൻ വേണ്ടതു്? " എന്നു വരണ്ട സ്വരത്തിൽ ചോദിച്ചു.

വാർഷികോത്സവത്തിൻെറ അദ്ധ്യക്ഷൻ മുൻസിഫ്. ശ്രീ. മംഗലത്തായിരുന്നു. വയസ്സു് 28 കാണും; ധീരസുകുമാരകാന്തി കുതിക്കുന്നമുഖം. ആ കണ്ണുകൾക്കു് ഒരു വൈദ്യുതശക്തിയുണ്ടു്. അവിവാഹിതനാണു്. മാധവീബായി അദ്ധ്യക്ഷനെ ഹാരമണിയിക്കുവാൻ പ്രസംഗവേദിയിലേയ്ക്കു ചെല്ലുന്നു. അദ്ധ്യക്ഷൻെറ മുഖത്തേയ്ക്കു് ഒരെത്തിനോട്ടം മാവിയുടെ നെററിത്തടത്തിൽ വിയർപ്പു പൊടിഞ്ഞു. ഹാരവുമായി അദ്ധ്യക്ഷനെ സമീപിച്ചു്, എന്തു ചെയ്യേണ്ടുവെന്നറിയാതെ, " കുന്നിൽത്തടഞ്ഞ പുഴപോലെ കുഴങ്ങിമദ്ധ്യേ, നിന്നില്ല. തന്വിമണിയൊട്ടു നടന്നുമില്ല" എന്ന നിലയിലായി.

ഒരു നിമിഷ നേരത്തേയ്ക്കു് അവളുടെ ഹൃദയം വികാരങ്ങളുടെ ഒരു പോക്കളമായിരുന്നു. മാല ഒരേറുകൊടുത്തു. കഴുത്തിൽ പകുതി, തലയിൽ പകുതി, എന്ന മട്ടിൽ മാലയും ചെന്നു വീണു. അവളുടെ ആകസ്മികമായ ആ വികാരതരളതയുടെ ഹേതുവെന്തെന്നറിയാതെ മാവി കുഴങ്ങി. സഖിമാരുടെ കൂട്ടത്തിൽ നിന്നു് ഒഴികഴിവു പറഞ്ഞു മാവി രംഗം വിട്ടു. ഒരദ്ധ്യക്ഷനെ ഒരു വിദ്യാർത്ഥിനി മാലയണിയിച്ച ചടങ്ങു് നിർവ്വഹിക്കപ്പെട്ടുവെന്നല്ലാതെ, കാണികൾ അധികമൊന്നും ആ സംഭവത്തിൽ കണ്ടിരിക്കയില്ല. അദ്ധ്യക്ഷനാകട്ടെ, ആ മാലയേറു് അസ്ഥാനത്തിലായെന്നു് തോന്നാതിരുന്നില്ല. യവനിക പൊളിച്ചു് പുറത്തേയ്ക്കു് യൗവനം ചാടിക്കടന്ന ബാലികയുടെ ഒരു ഭ്രമം എന്നേ അദ്ധ്യക്ഷനും ആലോചിച്ചിരിക്കയുള്ളു. പക്ഷേ, മോഹനാസ്ത്രം മാരൻ തൊടുത്തു് വിടുവാൻ കാലമാകാത്ത കുമാരികളെ ഏല്പിക്കാമായിരുന്നില്ലേ ഈ മാല്യാർപ്പണഭാരം എന്നു് അദ്ധ്യക്ഷനു് തോന്നിയിരിക്കണം.

ശ്രീ. മംഗലത്തിൻെറ വിവാഹം അടുത്ത വാരത്തിലാണു്. അദ്ദേഹത്തെ തൃക്കുന്നത്തേക്കു മാററിയിട്ടു് മാസമൊന്നായി. അനേകം കന്യകകൾ മധുരസ്വപ്നം കണ്ട ആ കാമ കോമളൻ അടുത്ത വാരത്തിൽ അതിനൊക്കെ പൂർണ്ണവിരാമമിടാൻ പോകുന്നു. ദാമ്പത്യത്തിൻെറ മണിയറയിലേക്കു് മനസ്സു കൂടക്കൂടെ എത്തിനോക്കുന്നു. എങ്കിലും ഒരവിഭാവ്യമായ മ്ലാനത മനസ്സിൽ കയറിക്കൂടുന്നതായ ഒരനുഭൂതി. മാധുര്യത്തിൽ ഒരു ചവർപ്പു്. പ്രകൃതി നിയമങ്ങളുടെ ശാസനങ്ങൾ ആ ഉദ്യോഗസ്ഥനു് അജ്ഞാതമാ

യിരുന്നില്ല. ഉള്ളിലേയ്ക്കു് ഒന്നു കണ്ണോടിച്ചപ്പോൾ, ഭൂതകാല യവനികയുടെ പിന്നിൽ ഒരു സംഭവം ഒളിച്ചു നോക്കുന്നതായി തോന്നി. അങ്ങനെ ചാരുകസേരയിൽ ഒന്നു മയങ്ങി. തപാൽ വന്നപ്പോഴാണു് താറുമാറായ തലച്ചോറിന്റെ വികൃതിയിൽ നിന്നു വിരമിച്ചതു്.

എന്തു്? ഒരു സ്ത്രീയുടെ കൈയക്ഷരം?

പ്രേമനിലയം
വിളവൂർ.

“ മഹാശയ,

അങ്ങു് എന്നെ മറന്നിരിക്കാം. പക്ഷേ, അങ്ങയെ എനിക്കു് ജന്മാന്തരത്തിൽപ്പോലും മറക്കുവാൻ കഴിയുകയില്ല. അങ്ങയുടെ പുതിയ ദാമ്പത്യത്തിന്റെ പുരോഗതിയിൽ പൂവിരിച്ചു കാണുമാറാകട്ടെ എന്നു് ഈ ഹതഭാഗധേയ ആശംസിക്കുന്നു.

എന്നു് മാലയെറിഞ്ഞ മാധവി!!

പ്രേമതാമരയുടെ കന്ദം കന്ദർപ്പൻ സമർപ്പിച്ചു കഴിഞ്ഞാൽ അതു് പൂക്കുന്നതിന്റെ പോക്കു് അനുഭവസ്ഥൻ തന്നെ അറിഞ്ഞില്ലെന്നു വരാം. ശ്രീ മംഗലത്തു് കണ്ട കത്തു് അങ്ങനെ തന്നെ പിടിച്ചു്, നാസാഗ്രത്തിൽ ചൂണ്ടാണി വിരൽ മടക്കിവച്ചു് ഏതാനും നിമിഷം നിലകൊണ്ടു. മൂകമായിക്കിടന്ന മൂന്നു കൊല്ലത്തിന്റെ പിന്നിലേയ്ക്കു് മനസ്സു ഒരു മഷിനോട്ടം തുടന്നപ്പോഴാണു് അന്നത്തെ ആ സംഭവം തെളിഞ്ഞു കണ്ടതു്. മംഗലത്തു ഇങ്ങനെ അത്ഭുതവും അനുതാപവും വെളിപ്പെടുത്തി: “ ആ സാധു വിദ്യാർത്ഥിനി, മാലയെറിഞ്ഞ ആ ബാലിക, മാധവിയെന്നാണല്ലേ പേരു്? എന്നെച്ചൊല്ലി അനുരാഗപരവശയായി ഇരിക്കയാണെന്നാരറിഞ്ഞു. പ്രേമരഹസ്യം അളക്കുവാൻ ആർക്കു കഴിയും? ആ ചെറുനീർമിള ഒരു പെരും തിരയായി രൂപാന്തരപ്പെട്ടു. ഇങ്ങനെ ഇരുളിന്റെ ചുരുളിൽക്കിടന്നു് വെളിച്ചം കാണാതെയും വിടരാതെയും പ്രേമം എത്ര വിളറുന്നുണ്ടായിരിക്കും? എത്ര യുവഹൃദയങ്ങളെ വിദാരിതമാക്കി വ്രണിതമാക്കിത്തീർക്കുന്നുണ്ടായിരിക്കും?

മുൻസിഫ് വിചാരധാരയിൽ നിന്നു് പെട്ടന്നു തട്ടിപ്പിടഞ്ഞെഴുന്നേറ്റു് ‘ശിപായി, ശിപായി’ എന്നു വിളിച്ചു. ശിപായിയോടു് ‘താനിപ്പോൾ തന്നെ വിളവൂർക്കു് പോയി ഞാനീതരുന്ന മേൽവിലാസം നോക്കി മാധവിയെന്ന പെൺകുട്ടിയുടെയും അവളുടെ കുടുംബത്തിന്റെയും സ്ഥിതിഗതികളെല്ലാം അന്വേഷിച്ചു് ഇന്നു രാത്രി തന്നെ മടങ്ങിയെത്തണം. ശ്രദ്ധമായിരിക്കണം; കേട്ടോ’ ശിപായി മാരദൗത്യവും വഹിച്ചുപോയി.

നിനച്ചിരിയാതെ മംഗലത്തിന്റെ വിവാഹം നീട്ടിയതായി നാടെങ്ങും വാർത്തനടന്നു. അനാരോഗ്യം കാരണം പ്രമാണിച്ചു് മുൻസിഫ് ഒരു മാസത്തെ അവധിയെടുത്തു് നാട്ടിലേയ്ക്കുപോയി. പൂഞ്ചോലപ്പറമ്പിൽ സുലതയുമായുള്ള ബന്ധം വിട്ടുവെന്നും, വലിയ ഉദ്യോഗസ്ഥനല്ലേ കൈക്കൂലി നല്ലവണ്ണം ആരെങ്കിലും കൊടുത്തിരിക്കുമെന്നും ജനശ്രുതി പരന്നു. സ്വകുടുംബത്തിൽ പന്തലിച്ചു പടർന്നു കിടക്കുന്ന പനനീർച്ചെടിയുടെ ചുവട്ടിൽ, രണ്ടു പൂ പറിച്ചു് ആഘ്രാണിച്ചുകൊണ്ടു് മുൻസിഫ് ചാരുകസാലയിൽ കിടന്നു് നിനവിൽ നീന്തുകയാണു്:—

“ മാലയെറിഞ്ഞ മാധവി ഒരു വിജാതീയയാണെന്നുള്ള ബോധമേ അവൾക്കാസ്സുന്ദര സന്ദർഭത്തിലുണ്ടായിരുന്നില്ല. പ്രേമദിവ്യനിയമത്തിനു് ആൾഭേദമുണ്ടോ? ജാതിച്ചരടു് മുറുകെപ്പിടിച്ചിരിക്കുന്നവരുടെ ഇടയിലാണു് ദാമ്പത്യസുഖം കൃഷ്ണപക്ഷത്തിലെ ചന്ദ്രനെ അനുകരിച്ചു കാണുന്നതു്. സുഗന്ധത്തെ പുഷ്പമുകുളത്തിൽ എത്രനേരം ബന്ധിച്ചിടുവാൻ കഴിയും? അതു് പൊട്ടിത്തുറന്നു് പുറത്തേയ്ക്കു് ചാടും. ഒരു ജാതി മാത്രമേ പ്രകൃതി അനുവദിച്ചിട്ടുള്ളു; അതു് മനുഷ്യജാതി, കന്ദർപ്പനെപ്പോലെ ജാതിയില്ലാത്ത ഒരു ജേതാവില്ല. മാധവിയുടെ മനോധീരതയ്ക്കു് എന്റെ കൂപ്പുകൈ—ഈ ധീര സോദരിയെ പിന്തുടരാൻ മലനാട്ടു മങ്കമാരുണ്ടാകട്ടെ ”

മജിസ്ട്രേട്ടു് രാമനുണ്ണി പകുതി വലിച്ച സിഗററ്റു് വലിച്ചെറിഞ്ഞു്, വടികൊണ്ടഭിവാദ്യം ചെയ്തു്, അടുത്ത കസാലയിൽ വന്നിരുന്നു്,

“ സാറേ, നിങ്ങളൊരു പ്രേമഘാതകനാണു്. എന്നെക്കൂടി വഷളാക്കിത്തീർത്തു ” എന്നു് പരുക്കൻ സ്വരത്തിൽ പറഞ്ഞു.

മംഗല: “ ഞാനൊരു പ്രേമഘാതകനാകുമായിരുന്നു. ഒരജ്ഞാതശക്തി യഥാകാലം വന്നു കൈപിടിച്ചു. ”

രാമ: “ അപ്പോൾ, വിവാഹാലോചന വിട്ടിട്ടില്ലെന്നാണോ? ” ഒരു സിഗററ്റു് എടുത്തു് കത്തിച്ചുകൊണ്ടു് ഉത്കണ്ഠിതനായി.

മംഗ: “ അല്ല, അതൊരു പഴംകഥയാണു്. ” രാമനുണ്ണി നല്കിയ സിഗററ്റു് കത്തിച്ചു വലിച്ചു് ഒരു നെടുനിശ്വാസം വിട്ടു്.

രാമ: “ പഴംകഥയോ? ” എന്നു് കണ്ണിമ പൂട്ടാതെ ചോദിച്ചുകൊണ്ടിരിപ്പായി.

മംഗ: “മറ്റൊരു മാല എന്റെ കഴുത്തിൽ വീണിരുന്നു.”

രാമ: “അപ്പോൾ ഇതൊരു പുനർവിവാഹാലോചന ആയിരുന്നു, അല്ലേ?” എന്നു് പുച്ഛച്ചിരി അഭിനയിച്ചു.

മംഗ: “എന്റെ ഉപബോധ ഹൃദയത്തിൽ മാത്രം പ്രത്യാഘാതമുണ്ടാക്കിയ ഒരു സംഭവം.”

രാമ: ഒരു പഴയ കടാക്ഷമാല ഏതോ ഒരു പെൺ കിടാവിന്റെ മുമ്പെത്തന്നെ—”, എ

ന്നൊരു കാമുകച്ചിരിയോടെ പകതി വിഴ ങ്ങി.

മംഗ: "അതേ, തെ. ഉണ്ണിതന്നെ മുഴവനാക്കു? നിങ്ങളും, ഒരു കാമുകനാണല്ലോ. കാമുക ഗ്ര ന്ഥത്തിൽ എത്ര സരസ പ്രേമാധ്യായങ്ങളു ണ്ടായിരിക്കും? - അതിലൊന്ന് എന്നു വ ച്ചോളു."

രാമ: "എന്നാൽ ഈ ആലോചനയ്ക്കു മുമ്പ് വേ ണ്ടതല്ലായിരുന്നുവോ?" എന്നൊരു ഗൌര വം പരന്ന ഭാവം പ്രകാശിപ്പിച്ചു മനസ്സി ൽ മഞ്ഞുകട്ടി വീണ പോലെ ഒരു കുളിമ്മ തോന്നി.

മംഗ: "ഒരു വിത്ത് മണ്ണിനടിയിൽ കിടന്ന് പുറ ത്ത് പൊട്ടി മുളച്ചുവരുന്നതുവരെ അദൃശ്യം- അജ്ഞാതം. ആ പ്രേമബീജം അങ്കുരമായി, പുഷ്പിതമായി, ഫലിതമാകാനിപ്പൊഴെ കാ ലമായുള്ളൂ."

രാമ: "ഉപഭോക്താവിന്ന് അറിവില്ലാത്ത ഒരു സാധാരണ പ്രേമം."

മംഗ: "ഇതൊരു പക്ഷ്യരാഗമാണ്. ലോകത്തിൽ അജ്ഞാതമായ, അദൃശ്യമായ ഒരു കമ്മശ ക്തി ചേഷ്ടിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസി ക്കുന്നു."

(ദൂരത്തേയ്ക്കു നോക്കിയട്ട്) "പൂഞ്ചോലക്കര കാരണവരുടെ വരവാണ്, സാധു!" (എണീ ക്കുന്നു) കാരണവർ കടന്നു വന്ന് ഒന്നു ച മച്ചു വടി മുക്കിൽ ചാരിവച്ച്,

"മുനിസിപ്പിനോട്ട് ഒരു സ്വകാര്യം പറയാ നുണ്ട്. പോകാൻ ബദ്ധപ്പാടുണ്ട്. മജിസ്ട്രേ ട്ട് ഇവിടെ ഇരിക്കട്ടെ! നമുക്കൊന്നു അക ത്തേയ്ക്കു പോകാം."

മംഗ: "ഞങ്ങൾ ആത്മ സ്നേഹിതന്മാരാണ്. ഉയി രൊന്ന് ഉടൽ രണ്ട്. തുറന്നു പറഞ്ഞോളു, പറയേണ്ടതെല്ലാം."

കാര: ഒരു പരിഭ്രാന്തി ഭാവിച്ചിട്ട്. "ങ്ഹാ ങ്ഹാ ഞാനക്കഥ അറിഞ്ഞിട്ടില്ല. ഞാൻ പണ്ടേ ത ന്നെ ഒരു കോൺഗ്രസ്സുകാരനാ. ജാതി വിത്യാസം പാടില്ലെന്നാണ് എൻെറ വി ശ്വാസം. മകളുടെ ഭാവി മംഗലകരമാകണ മെന്നേ ഉള്ളൂ. മംഗലത്തുമായുള്ള മംഗലം അതിനു പററിയതായി കരുതി" എന്നു ന യനങ്ങൾക്കു നനവു തട്ടി. "എത്ര മജിസ്ട്രേ ട്ടുമാർ, എത്ര തഹസീൽദാർമാർ എൻെറ കുട്ടിയുടെ കടക്കണ്ണും കാത്തു കിടക്കുന്നു!"

രാമ: "ഞാനും— —,"

കാര: മജിസ്ട്രേട്ടു തെററിദ്ധരിക്കരുത്. വാസ്തവ മാണ്. മേിരാശിയിൽ നിന്നു മാല പണി യിച്ചു; മധുരയിൽ നിന്നു തങ്കക്കസവു സാരി നെയ്യിച്ചു വരുത്തി; കായുംകൂടി പഴപ്പിച്ചു ക ഴിഞ്ഞു. ഇടിത്തീപോലെ ഈ വാത്ത കേട്ടു നട്ടങ്ങിപ്പോയി." എന്ന് തൊണ്ട ഇടറി. ചാരിവെച്ച വടിയെടുക്കാൻ ഭാവിച്ചു. "എ ന്നാൽ നിൽക്കട്ടെ. ഇനിയൊക്കെ ഈശ്വ രേച്ഛ!"

മംഗ: "കാരണവക്ക് തെററിദ്ധാരണ വേണ്ട. ഡോക്ടരുടെ ഉപദേശപ്രകാരം അനാരോ ഗ്യം കാരണം അവധിയെടുത്ത് നാട്ടിൽ വ ന്നിരിക്കുകയാണ്. നിങ്ങളുടെ മകൾക്ക് ഞാ നല്ലെങ്കിൽ എത്രയോ ഉദ്യോഗസ്ഥന്മാർ ക ടമിഴികാത്തു കിടപ്പാനുണ്ടാകുമെന്നറിയാം. ഞാൻ നിരപരാധിയാണെന്ന് ലോകം വി ധിച്ചുകൊള്ളും, എന്ന് ഗദ്ഗദസ്വരത്തിൽ പറഞ്ഞു.

കാര: "എന്നാ ബന്ധം പിരിഞ്ഞതായി കരുതി ക്കോട്ടെ. രണ്ടിലൊന്ന് ഖണ്ഡിതമായറി യണമെന്നു കരുതിയാണ് ഞാൻ തന്നെ പുറപ്പെട്ടേ, " എന്നൊരു കുരയിൽ വി രമിച്ചു.

മംഗ: "കാരണവർ എങ്ങിനെ വ്യാഖ്യാനിച്ചാലും വേണ്ടില്ല."

കാരണവർ വടിയെടുത്ത് ഗൌരവത്തോടെ, "എന്നാൽ പിന്നെ കാണാം. മജിസ്ട്രേട്ടിനോടും" എന്നു പറഞ്ഞ് വടി വീശിക്കൊണ്ട് ഉഴറി നടന്നു.

ശ്രീ. മംഗലത്തിൻെറ ബങ്കളാവിൻെറ പൂമുഖം പൂനിലാവുകൊണ്ട് മെഴുകിയിരുന്നു. മാധവി വസ ന്തശ്രീപോലെ അവിടെ ഒളിവീശി നിൽക്കുന്നു. മം ഗലത്തിന് തീപ്പെട്ടിക്കോലുരച്ച് ഒരു സിഗററ് ക ത്തിച്ചുകൊടുക്കുന്നു. പുകച്ചുരുള് മേലോട്ട് പോകു ന്നതു നോക്കി രസിച്ച് ' യത്രധൂമസ്തത്രാഗ്നി: ' എ ന്ന് പുഞ്ചിരിക്കോളിളക്കി.

മംഗ: " എന്താ, അത്ഥഗർഭമായ വാക്യം? "

മാ: " തക്കശാസ്ത്രം പഠിച്ചതു് ഉരുവിട്ടുവെന്നു മാത്രം.

മംഗ: " ഞാനും ലോജിക് പഠിച്ചിട്ടുണ്ട്. where there is smoke there is fire, എന്നെ ക ളിയാക്കാതിരിക്കു. ഇതിലെന്തോ ഉണ്ട്: അതാ, കത്തുംകൊണ്ട് ഒരാൾവരുന്നു. (ക ത്തു വാങ്ങി പൊട്ടിച്ചു വായിച്ച്, അയാ ളോട് പൊയ്ക്കൊള്ളുവാൻ പറയുന്നു.) ആ ശ്ചര്യവും അല്പമൊരു അസ്വാരസ്യവും കല ന്ന ഭാവത്തിൽ, " മാവി, മജിസ്ട്രേട്ട് ഉണ്ണി യുടെ വിവാഹം വരുന്ന ബുധനാഴ്ചയാണ ത്രെ. വധു ആരാണെന്നറിഞ്ഞോ? "

മാവി: പറയൂ, പറയാതെങ്ങനെ അറിയും. വ
ഹനിധൂമന്യായം വേണ്ടേ! "

മംഗ: " ഒന്ന് ഊഹിച്ചുനോക്കൂ. "

മാവി: " മനമിണങ്ങിയ ഒരു മങ്കയെ. "

മംഗ: " ഒരിക്കലുമല്ല; ഊഹം തെററി, സുല
തയെ. "

മാവി: " ഒന്ന് കൈമാറി. മുൻസിഫിൻെറ കൈ
യിൽ നിന്ന് മജിസ്റ്റ്രേട്ടിൻെറ കൈയിലേ
യ്ക്ക്. കൊക്കിനു വെച്ചത് കൊളക്കോ
ഴിക്ക്. "

മംഗ: " എൻെറ ബഹിശ്ചര പ്രാണനായിരുന്ന
ഉണ്ണി എന്നെ ഈ പ്രേമരഹസ്യം ഒന്നും അ
റിയിച്ചില്ലല്ലോ! "

മാവി: " പ്രേമധന രഹസ്യങ്ങൾ പരസ്യമാക്ക
രുത് "

മംഗ: " നീയൊരു വിദൂഷിയല്ലേ! അതേ, തെ, ര
ണ്ടും ഉപദ്രവകാരികളാണ്; ഉപകാരിക
ളുമാണ്. "

മാവി: " എനിക്കറിയാം സുലതയുടെ പ്രേമരഹ
സ്യം. രാമനുണ്ണിയും സുലതയും സതീത്ഥ്യ
രാണ്; കാമലേഖനം കൈമാറിയിരുന്നവ
രാണ്. "

മംഗ: " കാമലേഖനമോ? സുലതയും ഉണ്ണിയു
മായിട്ടോ! അതാണല്ലോ എൻെറ ആത്മമി
ത്രം അതൊന്നും വെളിക്ക വിടാഞ്ഞത്?
പുകഞ്ഞകൊള്ളി പുറത്ത്. "


മാവി: " കാമലേഖനം എഴുതാത്ത കാമിനികൾ
ചുരുങ്ങും. കലാശാലയിൽ കാലെടുത്തു ക
ത്തിയാൽ അവിടുത്തെ ആദ്യപാഠം അതാ
ണെന്നു തോന്നും. ആ കളരിയിൽ കച്ച
കെട്ടാത്തവരുമുണ്ടോ. അതിരിക്കട്ടെ. വ
ലിയൊരു ഉദ്യോഗസ്ഥനല്ലേ, പോരെങ്കിൽ
( ഒന്നു ചുംബിച്ചിട്ട് ) മന്മഥനല്ലെ! എന്നു
കരുതി ഒരു കയററം കൊടുത്തതാണ്.
പണ്ടു മജിസ്റ്റ്രേട്ട് പതിനെട്ടടവും പയററി
നോക്കി; ഫലിച്ചില്ല. "

മംഗ: " മാവിയുടെ പ്രേമം ജാതിയെജ്ജയിച്ചു. "

മാവി: " ജാതിപ്രേമത്തെ ജയിക്കുവാൻ ഞാൻ സ
മ്മതിക്കയില്ല, ജാതിയില്ലാത്ത ജനതയുടെ
ജനയിതാക്കളാകണം നാം. "

മംഗ: " രക്തൈക്യം കൊണ്ട് ഹൃദയൈക്യം ഉ
ണ്ടാകുമ്പോഴേ ജാതി നശിക്കൂ. പ്രേമത്തെ
ഒരു വേലിയും വിലക്കരുത്. "

—:0:—



ആരെല്ലാമാണ് ഈ മൂന്നു മോഹന നാരികൾ? "ജാനത്ത്" എ
ന്ന ചിത്രത്തിലെ പ്രധാന നടികളായ രേഹന, പ്രീതം, സോറാ, എ
ന്നീ താരത്രയമാണിവർ.

# The Udayam

A High Class Socio — Political — Literary — Anglo-Malayalam Pictorial Weekly

PUBLISHED EVERY SATURDAY

Props: **M/s. P. J. THARAKAN & SONS.,**
MATTANCHERRY, COCHIN.

*Editor*: L. M. THOMAS

Annual Subscription: **Rs. 10/-**

Vol. 1 ഉദയം No. 13


## ചില അടിയന്തിര പ്രശ്നങ്ങൾ

നാല്പതുകോടി ജനങ്ങളെ അനാഥരായി വിട്ടുകൊണ്ട് മഹാത്മജിയുടെ ദേഹിദേഹങ്ങൾ ഭാരതാംബയോട് യാത്രപറഞ്ഞിട്ട് ആഴ്ചകൾ പലതായിരിക്കുന്നു. വിരഹത്തിന്റെ ആ വേദനാജനകമായ തീവ്രവ്യഥയിൽ നിന്ന് ദേശാഭിമാനികളായ ഭാരതീയർ വിമോചിതരാകുവാൻ വാരങ്ങളല്ല മാസങ്ങൾ തന്നെയും കുറെ മുന്നോട്ടു പോകേണ്ടതായുണ്ട്. രാഷ്ട്രീയമായ സമസ്ത വിഷയങ്ങളിലും പ്രകാശവും പ്രചോദനവും മാർഗ്ഗനിർദ്ദേശവും ലഭിച്ചുകൊണ്ടിരുന്ന ഇന്ത്യയ്ക്ക് അനഘമായ ആ മൂന്നു ഗുണവിശേഷങ്ങളുടേയും ഉല്പത്തി അനവരതം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഗാന്ധിജിയോടു കൂടി ജീവിച്ച ഇന്ത്യയ്ക്ക് ഇനിമേൽ ഗാന്ധിജിയെ കൂടാതെ ജീവിക്കേണ്ടതായി വന്നിരിക്കുന്നു. ഭാരതീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സർവ്വസമരങ്ങളിലും മഹാത്മജി രണാങ്കണത്തിലേക്ക് നമ്മെ ആനയിക്കുക മാത്രമല്ല, നമ്മുടെ ദേശീയ ജീവിതത്തിന്റെ സർവ്വ പ്രവർത്തനങ്ങളിലും പ്രകടനങ്ങളിലും പ്രഥമസ്ഥാനത്തെ അലങ്കരിച്ചുകൊണ്ട് ലക്ഷോപലക്ഷം ഭാരതീയഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിക്കുക കൂടി അദ്ദേഹം ചെയ്തു. അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ വിജയം അദ്ദേഹത്തെ ആനന്ദഭരിതനാക്കിയില്ല. രാഷ്ട്രീയ കാര്യങ്ങൾ അദ്ദേഹത്തിന്റെ പാവന ജീവിതത്തിൽ ഒരു ദ്വിതീയ സ്ഥാനം മാത്രമാണ് അർഹിച്ചിരുന്നത്. മഹാത്മജിയുടെ നഷ്ടത്തിൽ നാം അതീവ ദുഃഖിക്കുമ്പോൾ, ഭാവി പുരുഷാന്തരങ്ങൾ നരവംശത്തിന്റെ പ്രോജ്ജ്വലനായ ഒരു പ്രബോധകന്റെ ശാശ്വതസ്മരണയെ ഭക്ത്യാദരപൂർവ്വം ആദരിക്കുക തന്നെ ചെയ്യും. എന്നാൽ മഹാത്മജിയുടെ വേർപാടിൽ ദുഃഖിതരായി കഴിഞ്ഞുകൂടുവാനുള്ള സമയം നമുക്കില്ല. പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ഒരു പ്രക്ഷേപണി പ്രസംഗത്തിൽ പ്രസ്താവിച്ചതുപോലെ, വിപത്തുകൾ സ്വതന്ത്രഭാരതത്തെ വലയം ചെയ്തു നിൽക്കുന്നു. ദൃഢനിശ്ചയത്തോടുകൂടി അവയെ ഒന്നൊന്നായി അതിവേഗം വിജയിക്കുവാനുള്ള കടമ നമ്മുടേതാണ്. വിപത്തിന്റെ സൂചനകളെ ഇന്ത്യാഗവമ്മേണ്ട് മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു എന്നു കാണുന്നത് നമുക്ക് ആശ്വാസപ്രദമാണ്. ഇന്ത്യയിലെ ആഭ്യന്തര സമാധാനത്തേയും സുരക്ഷിതത്വത്തേയും വിപല്ക്കരമാക്കിത്തീർക്കുന്നു എന്ന കാരണത്താൽ രാഷ്ട്രീയ സ്വയം സേവക് സംഘത്തെ നിയമാനുസൃതമല്ലാത്ത ഒരു സംഘടനയായി ഗവമ്മേണ്ട് പ്രഖ്യാപനം ചെയ്തത് ഉചിതമായൊരു കൃത്യമാണ്. അപ്രകാരം തന്നെ 'നാഷനൽ മുസ്ലിം ഗാർഡ്' 'കാക്ക്സർ' എന്നീ രണ്ടു സംഘടനകളും ദേശീയ വിപത്തിനുള്ള ബീജാവാപം ചെയ്യുന്നതായി ഗവമ്മേണ്ട് മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ മൂന്നു "രഹസ്യസൈന്യങ്ങൾ" ഇന്ത്യൻ രാഷ്ട്രത്തിന്റെ ശക്തിയേയും സ്ഥൈര്യത്തേയും ദുർബലപ്പെടുത്തുമായിരുന്നു. ഈ മൂന്നു സംഘടനകളേയും നാമാവശേഷമാക്കുവാനുള്ള ഗവമ്മേണ്ടിന്റെ ഈ സദുദ്യമത്തിൽ പൊതുജനങ്ങൾ ഹൃദയപൂർവ്വം സഹകരിക്കേണമെന്ന് ഞങ്ങൾ അവരെ ഉദ്ബോധിപ്പിക്കുന്നു. ജനസാമാന്യത്തിലെ ചില തല്പരവിഭാഗക്കാരുടെയിടയിൽ മുളയെടുത്തു കാണുന്ന അക്രമപ്രസക്തിയെ മുളയിലേ നുള്ളിയില്ലെങ്കിൽ അതു ഗവർമ്മേണ്ടിനും പൊതുജനങ്ങൾക്കും വിപല്ക്കാരണമായിത്തീരുമെന്ന് നാം നേരത്തേ മനസ്സിലാക്കേണ്ടതായുണ്ട്. സാർവ്വത്രികമായി സമാരാധിക്കപ്പെട്ടുപോരുന്ന ഒരു മഹാത്മാവിനെ വധിക്കുവാൻ ഒരാൾക്കു കഴിയുന്നതെങ്ങിനെയെന്ന് പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ ചോദിക്കയുണ്ടായി. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി വർഗ്ഗീയ ചിന്തയും വർഗ്ഗീയ വിദ്വേഷവും കൊണ്ട് ലക്ഷോപലക്ഷം ഭാരതീയ ഹൃദയങ്ങൾ വിഷനിർഭരമായിത്തീർന്നിട്ടുണ്ടെന്നുള്ള പരമാർത്ഥത്തിൽ നിന്ന് ഈ ചോദ്യത്തിനുള്ള സമാധാനം കണ്ടെത്തുവാൻ കഴിയുമെന്ന് ഞങ്ങൾക്കു തോന്നുന്നു. ഈ വർഗ്ഗീയവിഷം ജനസാമാന്യത്തിൽ കുത്തിവെയ്ക്കുവാൻ

ഏതെല്ലാം പാർട്ടികളും ഏതെല്ലാം സംഘടനകളുമാണ് പരിശ്രമിച്ചിട്ടുള്ളതെന്ന് ആ കൃത്യങ്ങളിൽ വ്യാപൃതരായി വർത്തിച്ചിട്ടുള്ളവർ തന്നെ ഒന്ന് ആത്മശോധന ചെയ്തു നോക്കുവാൻ ഞങ്ങൾ അവരോട് ആവശ്യപ്പെടുന്നു. ഹിന്ദുമഹാസഭയേപ്പോലുള്ള സംഘടനങ്ങൾ രാഷ്ട്രീയാധികാരലബ്ധിയുടെ ലക്ഷ്യത്തിൽ നിന്നതീതമായി വർത്തിച്ചിരുന്നുവോ എന്ന് അവർ ഒന്നു സ്വയം ചിന്തിച്ചു നോക്കട്ടെ. അപ്രകാരംതന്നെ, വ്യവസ്ഥാപിതമായ ഒരു ഗവർമ്മേണ്ട് നിലവിലിരിക്കുന്ന കാലത്തോളം നിയമം കൈയിലെടുത്ത് പന്താടുന്നതിന് ഒരു വ്യക്തിയേയും ഒരു സംഘടനയേയും ഒരു സംരംഭത്തേയും ഒരിക്കലും അനുവദിക്കുന്നതല്ലെന്ന് അസന്ദിഗ്ദ്ധമായ ഭാഷയിൽ, ഫലപ്രദമായ രീതിയിൽ, ഗവർമ്മേണ്ട് ജനതയെ മനസ്സിലാക്കേണ്ടതായുണ്ട്. ബ്രിട്ടീഷ് സിംഹം ഇന്ത്യ വിട്ടശേഷം ഇന്ത്യ അക്രമങ്ങളുടേയും അക്രമപ്രസക്തിയുടേയും ഒരു പേനാടായിത്തീരുവാൻ, ഒരു കൃത്ത് രംഗമായിത്തീരുവാൻ, ഇടയാകുന്നത്, ഇടയാക്കുന്നത് ഇന്ത്യൻ രാഷ്ട്രത്തിന്റെ ദൌർബല്യത്തെ ലോകസമക്ഷം പ്രഖ്യാപനം ചെയ്യുന്ന ഒരു കൃത്യമായിരിക്കും. ഗാന്ധിജീവധത്തിന് ഉത്തരവാദികളായവരെ നിർദ്ദയമായി, നിശിതമായി, ശിക്ഷിക്കുന്നതോടൊപ്പം, ഗാന്ധിജീവധം മൂലം 'നീതിപൂർവ്വമായ കോപാഗ്നി'യാൽ ഉന്മത്തരായി കൊലക്കും, തീവെപ്പിനും മററും മതിരുന്നവരേയും ഗവർമ്മേണ്ട് നിശിതമായ ശിക്ഷക്ക് വിധേയരാക്കിയാൽ മാത്രമേ വളന്നുവരുന്ന അക്രമ പ്രസക്തിയെ അടിച്ചമത്തുവാൻ സാധ്യമാകയുള്ളു. എന്നാൽ വർഗ്ഗീയ സംഘടനകൾ മാത്രമല്ല നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വൈരിയായി ഞങ്ങൾക്കു തോന്നുന്നത്. ഇതേവരെ രാഷ്ട്രീയ പാർട്ടികൾതമ്മിൽ എന്തെല്ലാം അഭിപ്രായ ഭിന്നതകൾ ഉണ്ടായിരുന്നെങ്കിലും ആ പാർട്ടികളുടെ മദ്ധ്യേ മഹാത്മജിയുടെ മാദ്ധ്യസ്ഥം നമുക്കുണ്ടായിരുന്നു. അദ്ദേഹം എന്നെന്നേയ്ക്കുമായി നമ്മെ പിരിഞ്ഞു പോയിരിക്കയാൽ സമാധാനത്തിന്റെയും ശാന്തിയുടേയും ആ ദൌത്യം നമുക്കിനി ലഭിക്കുകയില്ലാത്തതുകൊണ്ട് നമ്മുടെ പാർട്ടികളും സംഘടനകളും കൂടുതൽ ജാഗരൂകമായി വർത്തിക്കേണ്ടതായുണ്ട്. കോൺഗ്രസ്സിന് എന്തെല്ലാം കുറവുകൾ ഉണ്ടായിരുന്നാലും ക്രമത്തിന്റേയും അരാജകത്വത്തിന്റേയും മദ്ധ്യേ നില്ക്കുന്ന ഏകസ്ഥാപനം അതുമാത്രമാണെന്നു നാം സുവ്യക്തം മനസ്സിലാക്കേണ്ടതായുണ്ട്. ആകയാൽ മററുള്ള രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാർ വിശാലഹൃദയത്തോടും വിട്ടുവീഴ്ചയുള്ള മനഃസ്ഥിതിയോടും കൂടി വർത്തിക്കേണമെന്നാണ് ഞങ്ങൾക്ക് അവരോടു പറയാനുള്ളത്. അവർ വ്യക്തിപരമായ അവരുടെ ആശയങ്ങളേയും ആദർശങ്ങളേയും താല്ക്കാലികമായെങ്കിലും മാററിവെച്ചുകൊണ്ട്, പുറകേ പുറകേ വരുന്ന ഭയങ്കര തിരമാലകൾപോലെ, വിഷമമേറിയ പ്രശ്നങ്ങൾ വഴിക്കു വഴിയായി ആഞ്ഞടിച്ചു കൊണ്ടിരിക്കുന്ന, നെഹ്റു ക്യാബിനററിനെ ആത്മാർത്ഥമായി, ഉള്ളഴിഞ്ഞു്, സഹായിക്കട്ടെ. കാരണം, പാർട്ടിയുടെ താല്പര്യങ്ങളെയല്ല, പ്രത്യുത, രാജ്യത്തിന്റെ പൊതു ക്ഷേമത്തേയാണ് ഓരോ വ്യക്തിയും, ഓരോ പാർട്ടിയും, ഓരോ സംഘടനയും ലക്ഷ്യം വച്ചു് പ്രവർത്തിക്കേണ്ടതു്. മഹാത്മജിയുടെ രക്തസാക്ഷിത്വം നമ്മുടെ ത്രാണനം ഏതു മാർഗ്ഗത്തിലാണ് കിടക്കുന്നതെന്നു മാത്രമല്ല നമ്മെ കാണിച്ചിരിക്കുന്നതു്; ആ മാർഗ്ഗത്തിൽ വിപത്തുകൾ ധാരാളമായി വിതറപ്പെട്ടിരിക്കുന്നതായും അതു് നമ്മെ കാണിക്കുന്നു. വിഖ്യാതനായ ഒരു ബ്രിട്ടീഷ് രാജ്യകാര്യ തന്ത്രജ്ഞൻ റഷ്യക്കാരേയും ലെനിനെയും പററി പറഞ്ഞ ഒരു വാക്യമാണ് ഞങ്ങളുടെ സ്മരണാപഥത്തിൽ ഇപ്പോൾ ഉദിക്കുന്നതു: "അവരുടെ ഏററവും വലിയ ദൌർഭാഗ്യം അദ്ദേഹത്തിന്റെ ജനനമായിരുന്നു; അവരുടെ അടുത്ത ഏററവും വലിയ ദൌർഭാഗ്യം അദ്ദേഹത്തിന്റെ മരണവും." അർത്ഥഗർഭമായ ഈ വിധി തന്നെ നമുക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം സമാർജ്ജിച്ചു തന്നവരെപ്പററിയും പറയാനിടവരാതിരിക്കണമെങ്കിൽ കോൺഗ്രസ്സ് പാർട്ടിനേതൃത്വം ഒരു അടിയന്തിരനിലയേയും ഉത്തരവാദിത്വത്തെയും അവലംബിക്കേണ്ടതായുണ്ട്; സഹൃദയരെല്ലാം, അവർ ഏതു പാർട്ടിയിലും ഏതു സംഘടനയിലും പെട്ടവരായാലും, കോൺഗ്രസ്സിനെ അകമഴിഞ്ഞു് സഹായിക്കേണ്ടതായുമുണ്ട്. അതല്ലാത്തപക്ഷം തുടരെത്തുടരെയുള്ള കലാപങ്ങൾക്കു ശേഷം ആവിർഭവിക്കുന്ന അരാജകത്വത്തിന് മഹാത്മജിയുടെ മഹാഭാരതം അടിമപ്പെട്ടു പോകുവാനാണെളുപ്പം.

—:o:—

## അവരുടെ അവിശ്വാസം

കൊച്ചീ നിയമസഭയുടെ ഇക്കഴിഞ്ഞ സമ്മേളനത്തിൽ ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ പേരിൽ അവതരിപ്പിക്കപ്പെടുവാനിരുന്ന പ്രമേയം അവതരിപ്പിക്കാതിരുന്നതിൽ അതിനുത്തരവാദികളായവരെ ഞങ്ങൾ അഭിനന്ദിക്കുന്നു. കൊച്ചീ നിയമസഭയിൽ കുറെക്കാലമായി അവിശ്വാസപ്രമേയങ്ങൾക്ക് വളരെ പ്രസക്തിയുള്ളതായി കാണുന്നതു് നിയമസഭാസമാജികന്മാൎക്ക് ഒരിക്കലും ഒരു ഭൂഷണമാണെന്നു ഞങ്ങൾക്ക് അഭിപ്രായമില്ല. ഇപ്പോഴത്തെ നിയമസഭാ സമാജികന്മാർ നിയമസഭയിൽ കയറിയതിന് ശേഷം നിയമസഭയിൽഅവതരിപ്പിക്കപ്പെട്ടിട്ടുള്ള അവിശ്വാസ പ്രമേയങ്ങളുടെ സംഖ്യയെത്രയാണെന്ന്

കൊച്ചിയിലെ ഇൻഫർമേഷൻ വകുപ്പിൽ നിന്ന് ഒരന്വേഷണം നടത്തി അതിന്റെ ഫലം പൊതുജനങ്ങളുടെ അറിവിനുവേണ്ടി പരസ്യപ്പെടുത്തുന്നത് നിയമസഭാ സമാജികന്മാരുടെ അനഭിലഷണീയമായ ഈ അവിശ്വാസ പ്രമേയ പ്രസക്തിയിൽ നിന്ന് അവരെ മേലിലെങ്കിലും വിരമിപ്പിക്കുന്നതിനുള്ള ഒരു ഉത്തമോപാധിയായിരിക്കുമെന്ന് ഞങ്ങൾക്കു തോന്നുന്നു. തങ്ങളെ തിരഞ്ഞെടുത്ത് നിയമസഭയിലേക്കയച്ചിരിക്കുന്ന സമ്മതിദായകന്മാരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും പ്രതിനിധീകരിക്കുന്ന നിയമസഭാ സമാജികന്മാർ നാടിനും നാട്ടാർക്കും വേണ്ടി നിയമസഭയ്ക്കകത്തു പ്രവർത്തിക്കുവാനുള്ള അവരുടെ വിലയേറിയ സമയം ഡെപ്യൂട്ടി പ്രസിഡണ്ടിന്റെയോ മന്ത്രിമാരുടേയോ നേരെ അസ്ഥാനത്തു അവിശ്വാസം രേഖപ്പെടുത്തുവാൻ വിനിയോഗിച്ചു കാണുന്നത് ഡെമോക്രാററിക്ക് തത്വങ്ങൾക്കു തന്നെ വിരുദ്ധമാണെന്ന് അവർ ഇനിയെങ്കിലും മനസ്സിലാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. നമ്മുടെ തൊഴിലാളികളുടെ ഇടയിൽ പടർന്നു പിടിച്ചിരിക്കുന്ന പണിമുടക്കുരോഗവും നമ്മുടെ നിയമസഭാസമാജികന്മാരുടെ ഇടയിൽ കടന്നു കൂടിയിരിക്കുന്ന ഈ അവിശ്വാസ സാംക്രമികരോഗവും തമ്മിൽ വലിയ വ്യത്യാസമില്ലെന്നു പറയുന്നതിൽ അസാംഗത്യമില്ല. അന്തിമോപാധിയായി മാത്രം അവലംബിക്കേണ്ട പണിമുടക്കിനെ തൊഴിലാളികൾ സ്ഥാനത്തും അസ്ഥാനത്തും എടുത്ത് ഉപയോഗിക്കുന്നതു പോലെയാണ് കൊച്ചിയിലെ നമ്മുടെ നിയമസഭാ സമാജികന്മാർ ഡെമോക്രാററിക്ക് ഭരണത്തിലെ ഒരൊന്നാംതരം ആയുധമായ അവിശ്വാസ പ്രമേയത്തെ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ചു കൊണ്ടിരിക്കുന്നത്. ഭരണഭാരം വഹിക്കുന്ന വ്യക്തികളോ പാർട്ടികളോ പൊതുജനക്ഷേമത്തിൽ നിന്നും രാജ്യക്ഷേമത്തിൽ നിന്നും വ്യതിചലിക്കുന്നതായികണ്ടാൽ തങ്ങളുടെ പ്രതിനിധികളായി ആരാണോ അവരെ തിരഞ്ഞെടുത്തയച്ചത് ആ സമ്മതിദായകന്മാരാണ് ആദ്യമായി അവിശ്വാസം പ്രദർശിപ്പിക്കേണ്ടത്. അങ്ങിനെ പൊതുജനങ്ങളിൽ നിന്ന് ആവിർഭവിക്കുന്നതും പ്രബലപ്പെടുന്നതുമായ ഒരു പൊതുജനാഭിപ്രായത്തിന്റെ പിൻതുണയോടും പിൻബലത്തോടും കൂടിയ ഒരു പശ്ചാത്തലം നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന അവിശ്വാസ പ്രമേയങ്ങൾക്കുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാതുള്ള അവിശ്വാസ പ്രമേയങ്ങൾ വെറും സമയ നഷ്ടവും അർത്ഥശൂന്യതയും കൂടികലർന്ന ഒരു പ്രഹസനമായിരിക്കും. കാലാവധി അടുത്തിരിക്കുന്ന കൊച്ചി നിയമ സഭയിലെ ഇന്നത്തെ സമാജികന്മാരും, അടുത്ത തിരഞ്ഞെടുപ്പിൽ വരുവാനിരിക്കുന്ന പുതിയ സമാജികന്മാരും ഈ വസ്തുതകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നത് രാജ്യക്ഷേമത്തിന് പൊതുവേ ഉപകാരപ്രദമായിരിക്കും.

# ഇന്നത്തെ ചെറുകഥകൾ

(വി. എക്സ്.)

ആയുസ്സു കുറഞ്ഞും കർത്തവ്യങ്ങൾ വർദ്ധിച്ചുമിരിക്കുന്ന ആധുനിക മനുഷ്യന് അതീതകാലങ്ങളിലെപ്പോലുള്ള വലിയ നോവലുകളോ മഹാകാവ്യങ്ങളോ വായിച്ചു രസിക്കുവാൻ വേണ്ട സമയവും ക്ഷമയുമില്ലാതായി. ആപ്പീസുകളിലേയും വ്യവസായശാലകളിലേയും മുഷിപ്പൻ സാഹചര്യങ്ങളിൽ നിന്നു പുറത്തിറങ്ങി വരുന്നവർക്കു ലഭിക്കുന്ന അല്പമായ വിശ്രമവേളകൾ വിനോദപ്രദമായി ചിലവഴിക്കാൻ പററിയതും ഒററ ഇരിപ്പിന് വായിച്ചു തീർക്കാവുന്നതുമായ കഥകളോ, ഖണ്ഡകാവ്യങ്ങളോ ആവശ്യമായിത്തീർന്നു. ഇങ്ങിനെ ചെറുകഥകൾക്കും ഖണ്ഡകാവ്യങ്ങൾക്കും സ്വാഗതവും പ്രചാരവും ലഭിച്ചു. എന്നാൽ, വിജ്ഞാനവും വിനോദവും നൽകി മനുഷ്യമനസ്സിനെ ഉത്തമകാര്യങ്ങളിൽ വ്യാപരിപ്പിക്കുന്നതിനു പകരം അവന്റെ അധമവികാരങ്ങളെ തട്ടിയുണർത്തി സന്മാർഗ്ഗബോധത്തെ അധഃപതിപ്പിച്ച്, പാവനമായി കരുതിയിരുന്ന സകലതിനേയും പങ്കിലമാക്കി, എഴുത്തുകാരുടേയും, പ്രസാധകരുടേയും പണസഞ്ചിയെ കൊഴുപ്പിക്കുന്നതിനു മാത്രമെ ഇന്നത്തെ ചെറുകഥകൾ മിക്കവയും ഉപകരിക്കുന്നുള്ളു.

പുതുമഴയ്ക്കുശേഷം പുറപ്പെടുന്ന ഈയ്യലുകളെന്നപോലെ അച്ചടിശാലകളിൽനിന്ന് തുരുതുരെ പുറത്തുവരുന്ന ആധുനിക ചെറുകഥകളിൽ, ഒരു കുടുംബത്തിലെ അംഗങ്ങൾക്കോ, സന്മാർഗ്ഗബോധവും സദാചാരനിഷ്ഠയുമുള്ള രണ്ടോ നാലോ പേർക്കൊന്നിച്ചിരുന്നു വായിക്കുവാൻ കൊള്ളാവുന്നവ എത്ര കാണും? രഹസ്യത്തിൽ പറയുന്നവയെല്ലാം സഭയിൽ അവതരിപ്പിക്കുവാൻ പററില്ലെന്നു കരുതിയിരുന്നു; എത്രതന്നെ ദുഷിച്ച ഒരുവനും തന്റെ അശ്ലീലകട്ടക്ക പരസ്യമായി ചൊരിഞ്ഞിടുവാൻ മുമ്പൊക്കെ ധൈര്യപ്പെട്ടിരുന്നില്ല.

ഇന്നാവട്ടെ എന്തും പറയാം; എന്തും എഴുതാം എന്തും പരസ്യപ്പെടുത്താം എന്നായിട്ടുണ്ട്. പുരോഗമനത്തിന്റെയല്ലേ കാലം! പക്ഷേ, "ഞണ്ടി"ന്റെതാണെന്നേയുള്ളു. ഭാഷയിലെ ചെറുകഥകളുടെ മേന്മ നിർണ്ണയിക്കുവാനുള്ള മാനദണ്ഡം പൂരപ്രബന്ധമാണ്! എത്രമാത്രം അതിനെ അതിശയിക്കുന്നുവോ അത്രയ്ക്കു ഭേഷായിരിക്കും! വേശ്യാലയങ്ങളുടെ ദുഷിച്ച കാണകളിൽപോലും ഇടുവാൻ കൊള്ളാത്ത പല ചെറുകഥകളേയും, ചില നിരൂപകന്മാരും, അവതാരികാകർത്താക്കളും വർണ്ണിച്ചു വാനോളം പുകഴ്ത്തി പുറത്തേക്കു വിടുമ്പോൾ എന്തു വിലയ്ക്കും വാങ്ങി വായിക്കുവാൻ ആളുകൾ ധാരാളം! ഒരു പു. സാ. കാരന്റെ പുതിയൊരു പുസ്തകം, ചെറുകഥാസമാഹാരമാണ്, വായിച്ചശേഷം, ഒരു ഹൈസ്കൂളിലെ ഭാഷാ

ദ്ധ്യാപകൻ പറയുകയാണ്:-ഈശ്വരാ, ആ പുസ്തകം വായിച്ചിട്ട് ഞാൻ ഞെട്ടിപ്പോയി, ഇത്രയ്ക്ക് ഒരു ഗ്രന്ഥകാരന് അധഃപതിക്കുവാൻ കഴിയുമോ? 'വളരെ നന്നായിരിക്കുന്നു; വായിക്കേണ്ടതു തന്നെയാണ്" എന്നു പറഞ്ഞു പിള്ള സാറു തന്നതു കൊണ്ടു കുറെ വായിച്ചു പോയി. വീട്ടിൽ വല്ല കുട്ടികളുടേയും കൈയ്യിൽ പെട്ടേക്കുമോ എന്നു കരുതി ഞാൻ ഡ്രായറിൽവച്ചു പൂട്ടിക്കളഞ്ഞു."

ഇങ്ങിനെ വെച്ചുപൂട്ടേണ്ടതും ചുട്ടുകരിക്കേണ്ടതുമായ ചെറുകഥാസമാഹാരങ്ങൾ ചുരുക്കമൊന്നുമല്ല. എന്തിന് എണ്ണിയെണ്ണി പറയണം?

നമ്മുടെ ചെറുകഥാകൃത്തുക്കളിൽ പലരുടേയും രൂപാക്കകാണുമ്പോൾ, മനുഷ്യസംസർഗ്ഗത്തിനു മാർഗ്ഗമില്ലാതെ സമുദ്രമദ്ധ്യത്തിൽ അനേകനാളുകളലഞ്ഞു തിരിയേണ്ടിയിരുന്ന പണ്ടത്തെ നാവികരേയും, യാതൊരുവക സ്വാതന്ത്ര്യത്തിന്റേയും കണികപോലുമില്ലാതെ ദുരന്തദുരിതമനുഭവിച്ചിരുന്ന അതീതകാലങ്ങളിലെ അടിമകളേയും കുറിച്ചാണ് ഓർമ്മയിൽ വരുന്നത്. കാററിന്റെ ഗതിയെ മാത്രം ആശ്രയിച്ചിരുന്ന അന്നത്തെ പാക്കപ്പലുകളിൽ, കല്ലോലമാലകളുടേയും കൊടുങ്കാററിന്റേയും കളിപ്പാട്ടമായി കഴിഞ്ഞിരുന്ന നാവികർ, ദീർഘപ്രയാണത്തിനു ശേഷം ദുഷിച്ച മനസ്സും മരവിച്ച കാലുകളുമായി കരയ്ക്കടുക്കുന്നു. മനസ്സിനുന്മേഷവും, കാലുകൾക്കു വ്യായാമവും നല്കുവാൻ പുറത്തിറങ്ങുന്ന ഈ സമുദ്രജീവികൾ ആദ്യമായി അന്വേഷിച്ചോടുന്നതു മദ്യശാലകളും വേശ്യാഗൃഹങ്ങളുമാണ്. തങ്ങൾ വഞ്ചിക്കയും ദുഷിപ്പിക്കയും ചെയ്ത സ്ത്രീകളേയും മററും കുറിച്ച് ഓരോരുത്തനും രഹസ്യത്തിലാരംഭിച്ച സംഭാഷണം, ഉള്ളിലാകുന്ന മദ്യത്തിന്റെ ലഹരിയോടൊപ്പം വർദ്ധിച്ചു തുടങ്ങുന്നു. ഒടുവിൽ തങ്ങളുടെ അശ്ലീല പ്രവർത്തനത്തെപ്പററി വീരവാദത്തോടെയുള്ള വമ്പു പറച്ചിലും, ചിരിയും അട്ടഹാസവുമായി മാറുന്നു. ഇങ്ങിനെ ഏററം നികൃഷ്ടമായ സാഹചര്യങ്ങളിൽ, മനുഷ്യാധമരിൽ നിന്നു, മുളയെടുത്ത അശ്ലീലങ്ങളായ കഥകൾ, ആർത്തിയോടെ തുറന്നുകൊടുക്കുന്ന ദുഷിച്ച കാതുകളിലേയ്ക്ക് അവർ നിർലോഭം ഒന്നിനു പുറകെ ഒന്നായി ഒഴുക്കികൊടുക്കുന്നു.

അസീറിയാ, ബാബിലോൺ, പേർസിയാ, മേദിയാ തുടങ്ങിയ പ്രാചീന രാജ്യങ്ങളിലെ അടിമകളും ഈദൃശങ്ങളായ കഥകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ വളരെ സഹായിച്ചിട്ടുണ്ട്. സ്വാതന്ത്ര്യവിഹാരത്തിൽ നിന്നും, മാന്യമായ വിവാഹജീവിതത്തിൽ നിന്നും, തടയപ്പെട്ടിരുന്ന ഇക്കൂട്ടരുടെ നാവിനേയും മനസിനേയും നിയന്ത്രിക്കുവാൻ യാതൊരു ഭൗമീക ശക്തിക്കും ശക്യമായിരുന്നില്ല. മലീമസമായ അവരുടെ മനസ്സിനും, നിന്ദ്യമായ അവരുടെ നാവിനും പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നു. തങ്ങൾ വെറുക്കുന്ന യജമാനന്മാരോടും, അവരുടെ ഭാര്യമാരോടും, പകരം വീട്ടുന്നതിന് ഒരേ ഒരു മാർഗ്ഗമെ അവർക്കു ലഭ്യമായിരുന്നുള്ളു. അവരെ ദൂഷണം പറയുക; അശ്ലീലങ്ങളും അസംബന്ധങ്ങളുമായ കെട്ടുകഥകൾ നിർമ്മിക്കുക; അവരുടെ ചെറിയ കുററങ്ങളെ പർവ്വതീകരിക്കുക; ഇങ്ങിനെ പലതും! ഇതു് അസംതൃപ്തരായ ആ അടിമകൾ തങ്ങളുടെ കഴിവിന്റെ പരമാവധി വരെ പ്രയോജനപ്പെടുത്തിയിരുന്നു.

പുരാതന നഗരങ്ങളിൽ ഗവേഷണം നടത്തുവാൻ നിയുക്തമായ സംഘം, ഇത്തരം അടിമകൾ അധിവസിച്ചിരുന്ന ഗൃഹങ്ങളുടെ ചില ഭിത്തികൾ കണ്ടെത്തിയിട്ടുണ്ട്. ഭാവി തലമുറകൾ രോമാഞ്ചത്തോടെ വീക്ഷിച്ചു ലജ്ജിക്കുവാൻ സൂക്ഷിക്കപ്പെട്ടിരുന്നവ! അസ്വതന്ത്രരായ മനുഷ്യകീടങ്ങളുടെ വഷളായ മനസ്സിനെ തുറന്നു കാണിക്കുന്ന അശ്ലീലചിത്രങ്ങളും കുത്തിക്കുറിപ്പുകളും കൊണ്ടു നിറഞ്ഞവ! പോംപെയ്, ഹെർക്കുലാനം തുടങ്ങിയ ഇടങ്ങളിൽ, സാമാന്യ സന്ദർശകരെ കാണുവാൻ അനുവദിക്കാത്ത ഇങ്ങിനെയുള്ള ഭിത്തികളുണ്ടത്രെ! അധമ മനസ്കരായ അടിമകളുടെ നീചമായ പ്രവൃത്തികൾ, സംസ്കാര സമ്പന്നരായ സഞ്ചാരികളിൽ നിന്നും മറച്ചു വയ്ക്കേണ്ടവയായിപ്പോയി.

ഈജിപ്ഷ്യൻ സേനയും റോമൻ പടയാളികളും ഈ വ്യവസായത്തിൽ, അഴുക്കളിഞ്ഞ കഥകൾ പറകയും പ്രചരിപ്പിക്കയും ചെയ്യുന്നതിൽ, നല്ലൊരു പങ്കു വഹിക്കാതിരുന്നില്ല. ആസന്നമായ യുദ്ധത്തിന്റെ ഭീകരതയെ പടയാളികളുടെ മനസ്സിൽ നിന്നു കററുവാൻവേണ്ടി, സാന്മാർഗ്ഗികമായി കുറെ താണു പോയ ജൂലിയസ് സീസർ, അശ്ലീലങ്ങളായ കഥകൾ പറഞ്ഞു കേൾപ്പിച്ചിരുന്നുവത്രേ. യുദ്ധം ജയിക്കണമെന്നല്ലാതെ മറെറാരു ചിന്തയുമില്ലാതിരുന്ന അധികൃതർ, ഏതധർമ്മവും അനുവദിച്ചിരുന്നു. ശത്രുക്കളെ കൊന്നാലും കൊള്ളചെയ്താലും, അവരുടെ നഗരങ്ങൾക്കു കൊള്ളിവച്ചാലും, സ്ത്രീകൾക്കു മാനഭംഗം വരുത്തിയാലും എല്ലാം അങ്ങു നടക്കുമായിരുന്നു.

ജനസാമാന്യത്തിന്റെ സന്മാർഗ്ഗബോധം പൊതുവിൽ അധഃപതിച്ചതോടെ, ഇത്തരം അഴുക്കുനിറഞ്ഞ കഥകൾ അവയുടെ പഴയ രഹസ്യസങ്കേതങ്ങളിൽ നിന്നു് വെളിയിലേക്കിറങ്ങി. യുവസാഹിത്യകാരന്മാർ അവയെല്ലാം പുസ്തകരൂപത്തിലുമാക്കി. പഴയ റോമൻ നോവലുകളെല്ലാം, വേശ്യാഗൃഹങ്ങളിലും ഇരുളടഞ്ഞ മുക്കിലും മൂലയിലും മുളയെടുത്ത അശ്ലീലങ്ങളായ കഥകളുടെ ആവർത്തനമായിരുന്നു. സന്മാർഗ്ഗനിരതരും സംസ്കാരസമ്പന്നരുമായ അനന്തര തലമുറയ്ക്ക് അസഹ്യമായിത്തോന്നിയ ഈ കുത്സിതഗ്രന്ഥങ്ങൾ ഭാഗ്യവശാൽ, അവർ അഗ്നിഭഗവാനു് ഊണായിനല്കി.

നമ്മുടെ നഗരങ്ങളിലേയും നാട്ടിൻപുറങ്ങളിലേയും മതിൽക്കെട്ടുകൾ, അടിമകളധിവസിച്ചിരുന്ന ആ ഗൃഹഭിത്തികളുടെ പ്രതീതി ചിലപ്പോഴൊക്കെ ഉണ്ടാക്കാതിരിക്കുന്നില്ല. സംസ്കാരം കുറഞ്ഞ ചില കുസൃതിക്കുട്ടികളാണ് പലപ്പോഴും ഇതൊക്കെ കുത്തിവരയ്ക്കുകയും എഴുതിവയ്ക്കുകയും ചെയ്യുന്നതെങ്കിലും, ഈ നീചകൃത്യം വളരെ രഹസ്യമായി ചെയ്യുവാനാണ് അവർ ശ്രമിക്കുന്നതു്. എന്നാൽ, നമ്മുടെ ചില ചെറുകഥാകൃത്തുക്കൾ ചീഞ്ഞുനാറിയ കഥകൾ നിർലജ്ജം എഴുതി പ്രസിദ്ധം ചെയ്യുന്നതു കാണുമ്പോൾ, 'ഹൃദയപരിപൂർണ്ണതയിൽ നിന്നു് അധരങ്ങൾ സംസാരിക്കുന്നു' എന്ന ക്രിസ്തുദേവന്റെ വാക്കുകളോർത്ത് ഇവരെപ്പററി സഹതാപമാണുണ്ടാവുക. പുരാതന റോമൻ നോവല്യകളേയും, പോംപേയി, ഹെർക്കുലാനം തുടങ്ങിയസ്ഥലങ്ങളിലെ കുപ്രസിദ്ധമായ ഭിത്തികളേയും പോലെ, ഇന്നത്തെ പല കഥകളേയും, കഥാകൃത്തുക്കളേയും കുറിച്ചു ഭാവിതലമുറകൾ ലജ്ജാവിവശരായിത്തീരേണ്ടിവരുമല്ലോ എന്നോർത്തു കുറെ കുണ്ഠിതവുമുണ്ട്.

'വില്പനക്കാരിയുടെ കർത്താവിനു്, 'ശിപായി'യെപ്പോലുള്ള കഥകളും എഴുതുവാൻ കഴിയുമെന്നോർക്കുമ്പോൾ, ഒരു കാര്യമാണ് മനസ്സിലാകുന്നതു്. എഴുത്തുകാരേയും പ്രസാധകന്മാരേയുംകാൾ കൂടുതൽ പഴിക്കേണ്ടതു്, എന്തും വാങ്ങിവായിക്കുവാനാവേശം കാണിക്കുന്നവരെയാണ്! കേൾക്കുവാനാളുള്ളതുകൊണ്ട്, പറയുവാനാളുകളുണ്ട്: എന്തും വായിക്കുവാനാളുള്ളതുകൊണ്ട് എന്തും എഴുതിവിടുവാനാളുകളുണ്ട്. ചിലരുടെ രഹസ്യമായ വീഴ്ചകളേയും കാഴ്ചകളേയും തുറന്നുകാണിച്ചു്, അശ്ലീലങ്ങളും അസന്മാർഗ്ഗികങ്ങളുമായ കാര്യങ്ങളെ വർണ്ണിച്ചു വിളമ്പി മനുഷ്യരെ നന്നാക്കാമെന്നും, സമുദായത്തെ ഉയർത്താമെന്നുമാണോ പ്രതീക്ഷിക്കുന്നതു്? ഉവ്വ്, ഉവ്വ്, നന്നാവും; എഴുത്തുകാരുടേയും പ്രസാധകന്മാരുടേയും, പുത്രികളത്രാദികളുണ്ടെങ്കിൽ അവരുടേയും തടി നന്നാവും; അവരുടെ സാമ്പത്തികസ്ഥിതി ഉയരും; മററുള്ളവരൊക്കെ അധഃപതിക്കും.

ആകയാൽ നമ്മുടെ സാഹിത്യകാരന്മാർ നേർവഴിക്കു തിരിയണമെങ്കിൽ, പൊതുജനങ്ങൾ അശ്ലീലസാഹിത്യത്തെ പ്രതിഷേധിക്കയും നല്ല സാഹിത്യത്തെ പ്രോത്സാഹിപ്പിക്കയും ചെയ്യണം. (സ. നാ.)

സിനിമാ പംക്തി

# രണ്ടു സിനിമാതാരങ്ങൾ

### അവരുടെ രസകരമായ ഒരു സംവാദം

[ രംഗം : ആയിരമായിരം പ്രേക്ഷകരുടെ കണ്ണും കരളും കവർന്നിട്ടുള്ള, ഭാരതീയ സിനിമാതാരങ്ങളിൽ അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന, നാർഗിസ് ബോംബേയിലെ സി. സി. ഐ. മന്ദിരത്തിന്റെ പരിസരങ്ങളിലുള്ള പുഷ്പവാടിയിലെ ഒരാസനത്തിൽ ചാരിക്കിടന്നു വിശ്രമിക്കുന്നു. അവളുടെ ഉത്തമ സ്നേഹിതയും, അഭിനയ കലയിൽ ഒരു സഹവർത്തിയും, അവളേപ്പോലെ തന്നെ പ്രഖ്യാത താരവുമായ യശോധര പ്രവേശിച്ചു്, പരസ്പരം അഭിവാദ്യം ചെയ്തു്, നാർഗിസിന്റെ സമീപം ഉപവിഷ്ടയാകുന്നു. ]

യശോധര: നാർഗിസ്, എത്ര മനോഹരമായൊരു സായങ്കാലം! പ്രേമഗാനം മൂളുന്ന ഈ സമീരണൻ കായികവും മാനസികവുമായി എന്തൊരു നവജീവനെയാണ് പ്രദാനം ചെയ്യുന്നതു്.!

നാർഗീസ്: യശോധരേ, എത്ര നേരമായി ഞാൻ നിന്നെയും പ്രതീക്ഷിച്ചു കൊണ്ട് ഇവിടെ ഇരിക്കുന്നതു്.!

യശോധര: താമസിച്ചെത്തിയതിൽ ക്ഷമിക്കണം. എന്റെ ജീവിതകാലമഖിലത്തിലും ഇത്രയും ജോലി ചെയ്തിട്ടുള്ള മറെറാരു ദിനമുണ്ടാകയില്ല. എന്നിട്ടും, അഭിനയം പ്രയാസരഹിതമായൊരു പ്രവൃത്തിയാണെന്നു് പറയുന്നവരില്ലേ? എന്നാൽ ഒന്നുണ്ട്: ബുദ്ധിമുട്ടുന്നതിനു് പ്രതിഫലമായി മോഹനമായ ഒരു വേതനം ലഭിക്കുന്നുണ്ടെന്നു് സമാശ്വസിക്കാമല്ലൊ?.

നാർഗീസ്: കലയ്ക്കുവേണ്ടി പ്രവർത്തിക്കുക, കലയ്ക്കുവേണ്ടി ജീവിക്കുക, എന്നീ പ്രമാണത്തിൽ നീ വിശ്വസിക്കുന്നില്ലേ? ഒരു സിനിമാ താരത്തിന്റെ പ്രമുഖമായ ഉന്നം അതായിരിക്കേണമെന്നാണ് എന്റെ അഭിപ്രായം.

യശോധര: കല കലയ്ക്കുവേണ്ടി എന്ന പ്രമാണം ശരിതന്നെ. എന്നാൽ ആ ഒരു പ്രമാണത്തിനുവേണ്ടി മാത്രമാണ്, അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി മാത്രമാണ്, ഞാൻ ഒരു സിനിമാതാരമായി ജോലി നോക്കുന്നതെന്നു് പറഞ്ഞാൽ അതു് മുഴുവൻ പരമാർത്ഥമായിരിക്കയില്ല. കഥയിലും ചിത്രത്തിലും 'ഒറിജിനാലിററി' ഉണ്ടായിരിക്കയും പാത്രങ്ങൾ യഥാർത്ഥ്യങ്ങളുമായി സമ്പർക്കത്തിൽ വർത്തിക്കയും ചെയ്യുന്നതായാൽ, കലയ്ക്കുവേണ്ടി ജോലി ചെയ്യുന്നു എന്നു് പറയുന്നതിൽ അസ്വാംഗത്യമുണ്ടാകയില്ല.

എന്നാൽ ഇന്ന് വെള്ളിത്തിരയിൽ വരുന്ന ഭൂരിഭാഗം ചിത്രങ്ങളിലും കലാപരമായി വല്ലതുമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. അവയെല്ലാം ഒരേ അച്ചിൽ വാർത്തവയല്ലേ? അവയെല്ലാം ഏതാണ്ട് ഒരേ രീതിയിലുള്ള അഭിനയഭാഗങ്ങളല്ലേ നമുക്കു തരുന്നതു്? അവയെ കലയെന്നു വിളിക്കുവാൻ നമുക്ക് കഴിയുന്നതെങ്ങിനെ? ഉദ്യോഗപരമായ അസൂയയോ മാത്സര്യമോ നാം തമ്മിലില്ലാത്തതു കൊണ്ട് ആത്മാർത്ഥമായി എനിക്കുള്ള ആശയം ഞാൻ തുറന്നു പറഞ്ഞതാണ്.

നാർഗിസ്: നാം എന്നും ആത്മസുഹൃത്തുക്കളായിരിക്കേണമെന്നാണ് എന്റെ അതീവാഭിലാഷം.

സ്റ്റിരിക്കുന്ന അഭിനയം എത്ര ഹൃദയാവർജ്ജകമായിട്ടുള്ള ഒന്നാണെന്ന് നീ ഓർക്കുന്നില്ലേ? ഞാൻ സദാ കലഹപാത്രമായി മാത്രം അഭിനയിക്കാതെ, ജോവാൻ ഫോൻടെയിനെപ്പോലെ സരള പ്രകൃതിയോടുകൂടിയ, നാരീഹൃദയത്തിലെ സുകുമാര വശങ്ങളേയും മൃദുലതന്ത്രികളേയും ആവിഷ്കരിക്കുന്ന, ഭാഗങ്ങൾ അഭിനയിക്കുന്നതിന് അവർ എന്നെ തിരഞ്ഞെടുത്തുകൂടാ?

നാർഗിസ്: അതെ, അവർ നിശ്ചയിക്കുന്ന ഭാഗം അഭിനയിച്ച ഞാൻ മടുത്തു കഴിഞ്ഞു. എന്നെ സംബന്ധിച്ച് പറയുകയാണെങ്കിൽ ശോകാത്മകമായ ഒരു ചിത്രത്തിൽ അഭിനയിക്കുവാനാണ് ഞാൻ അഭിലഷിക്കുന്നതു്. എന്നാൽ, ശോകാത്മകമായ



ഈ ലേഖനത്തിലെ സംവാദകർത്താക്കളായ നാർഗീസും യശോധരകാത്ത്ജുവുമാണ് ഈ രണ്ടു സിനിമാതാരങ്ങൾ. ഈ സംവാദം കഴിഞ്ഞയുടനെ എടുത്ത ഫോട്ടോയാണിതു്.

എന്നാൽ ഭാവിയിൽ നാം മാത്സര്യകർത്താക്കൾ ആകയില്ലെന്ന് ആരു കണ്ടു.

യശോധര: നാം ഒരിക്കലും മാത്സര്യകർത്താക്കൾ ആകയില്ല. നാം എന്തിന് അപ്രകാരം മത്സരിക്കണം? നാം ഇരുവരും വിശാലഹൃദയരല്ലേ? മാത്രമല്ല, പരസ്പരം വിഭിന്നമായ ഭാഗങ്ങൾ അല്ലേ നാം ഇരുവരും അഭിനയിക്കുന്നതു്? കലാഭിനയത്തിനല്ല, കലഹപ്രിയയായ ഒരു അംഗനയുടെ ഭാഗം അഭിനയിക്കുവാനാണ്, അവർ എപ്പോഴും നിയോഗിക്കുന്നതു്. "എയ്നാ"യുടെ ശേഷം ഈ ഭാഗമല്ലാതെ മറ്റൊന്നും തന്നെ അഭിനയിക്കുന്നതിന് അവർ എന്നെ അനുവദിക്കുന്നില്ല. "കോൺസ്റ്റൻറ—നിംഫ്" എന്ന ചിത്രത്തിൽ ജോവാൻ ഫൊൻടെയിൻ ചെ

ഒരു രംഗം വിജയകരമായി അഭിനയിക്കുന്നതിനുള്ള പാടവം കരസ്ഥമാക്കുവാൻ അശ്രാന്തപരിശ്രമം... 

ജീവിതമെന്തെന്ന്, അതിന്റെ ക്രൂരമൂർത്ത മുള്ളുകൾ ഏതെന്ന്, അനുഭവിച്ചറിയാതെ അതു് അഭിനയത്തിൽ സാക്ഷാൽക്കരിക്കുന്നതെങ്ങിനെയാണ്? എന്നാൽ അതിനു മുമ്പ് അവർ എന്റെ അഭിനയഭാഗത്തിൽ ഒരു മാററം തന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഒരു സഞ്ചാരിണിയുടേയോ ഒരു കുടിലയുടേയോ ഭാഗമായാലും വേണ്ടതില്ല. ഒരു സഞ്ചാരിണിയുടെ ഭാഗം അഭിനയിക്കുവാനാണ് ഞാൻ അധികം ഇഷ്ടപ്പെടുന്നതു്.

യശോധര: എല്ലാ പാത്രങ്ങളുടേയും അഭിനയം

രസാവഹവും കലാകാരന് ഗുണകരവുമാണെന്നതു് ശരിതന്നെ. എന്നാൽ ഒരാൾക്ക് വിവിധ ചിത്രങ്ങളിലായി ഒരേ സമയംതന്നെ പല പാത്രങ്ങളുടെ ജോലി നല്കുന്നതുമൂലം കലാകാരന് ഓരോ പാത്രത്തേയും ശരിയായും കണിശമായും പ്രതിഫലിപ്പിക്കുവാൻ സാധിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ? കായികമായ വേഷ വിധാനങ്ങളെ മാററുന്നതിന് പ്രയാസമില്ല. എന്നാൽ ഓരോ പാത്രാഭിനയ വേളയിലും ഉണ്ടാകേണ്ട മാനസിക സന്നദ്ധത അയാൾക്ക് അത്ര എളുപ്പത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാമോ?.

നാർഗീസ്: ആ പ്രതീക്ഷ അസ്ഥാനത്താണ്. ഒരാൾക്ക് നാലോ അഞ്ചോ പാത്രങ്ങളുടെ ഭാഗങ്ങൾ അഭിനയിക്കുവാനുണ്ടെന്ന് വിചാരിക്കുക. വിവിധങ്ങളായ ആ സ്വഭാവ വൈവിധ്യത്തെ ഒരുത്തന് ഒരേസമയം തന്മയത്വത്തോടുകൂടി, വിജയകരമായി, അഭിനയിക്കുന്നതിന് കഴിയുന്നതെങ്ങിനെ? അതെ, ഒരാളുടെ വേഷവിധാനം മാററാവുന്നതാണ്; എന്നാൽ അഭിനയ കർത്താവിൻെറ മാനസിക മാററം പ്രയാസമുള്ള ഒരു കാര്യമാണ്.

യശോധര: വേഷവിധാനമല്ല ഒരു കലാകാരനെ സൃഷ്ടിക്കുന്നതു്. നിൻെറ കേശഭാരത്തിൻെറ ഭാവം നമുക്ക് മാററാം. നിൻെറ നാസികയുടേയോ, കൺപോളുകളുടേയോ പ്രകൃതിയെ നമുക്ക് മാററാം. നല്ലൊരു സിനിമാ താരത്തിന് മൂന്നു ഗുണങ്ങൾ അത്യന്താപേക്ഷിതമാണെന്നാണ് എൻെറ അഭിപ്രായം. ആദ്യമായി, സൌഹൃദയമായ ഒരു സരള മനോഭാവം ഒരാൾക്കുണ്ടായിരിക്കണം; രണ്ടാമതായി സർവ്വതരക്കാരായ ജനങ്ങളേയും ഇഷ്ടപ്പെടുകയും അവരുമായി സമ്പർക്കത്തിൽ ജീവിക്കുകയും വേണം; മൂന്നാമതായി, ദൃഢമനസ്കനോ മനസ്കയോ ആയിരിക്കണം. ദൃഢമനസ്കതയാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നതായി എനിക്ക് തോന്നുന്നതു്. കാരണം ഒരാൾക്ക് ഏററവും യോജിച്ച അഭിനയഭാഗം ഏതാണെന്നും എന്താണെന്നും നിശ്ചയിക്കുവാനുള്ള മന: സ്വാതന്ത്ര്യം ഒരാൾക്കുണ്ടായിരിക്കയും, ആ മനോ നിശ്ചയത്തെ പ്രാവർത്തികമാക്കുന്നതിനുള്ള മന:ശക്തി പ്രതികൂലമായ പരിത: സ്ഥിതികളിലെല്ലാം പ്രദർശിപ്പിക്കുന്നതിനു വേണ്ട ദൃഢമനസ്കത അയാളിൽ പ്രകടമായി പ്രകാശിക്കയും വേണം.

നാർഗീസ്: അതേ, നീ പറയുന്നതു് ശരിയാണ്. അഭിനയകലയോട് വിപ്രതിപത്തിയുള്ള താരങ്ങൾക്ക് നല്ല കലാകാരികളായിത്തീരുവാൻ സാധിക്കുന്നതല്ല.

യശോധര: മാത്രമല്ല, ആരോഗ്യദായകമായ ഒരു വീക്ഷണ ഗതിയോടുകൂടി സിനിമാഭിനയ വൃത്തിയെ ആലിംഗനം ചെയ്യാത്തവർക്കും ഈ കലയെ ശരിയായി പരിപോഷിപ്പിക്കുവാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. സിനിമാഭിനയവും അതിനോടനുബന്ധിതമായ സർവ്വകാര്യങ്ങളും ചീത്തയാണെന്ന മനോഭാവത്തോടു കൂടി അതിൽ രംഗപ്രവേശം ചെയ്യുന്നവർ ഈ കലയുടെ ശത്രുക്കളാണെന്നു വേണം പറയുവാൻ.

നാർഗീസ്: അതേ, സിനിമാഭിനയ രംഗം പ്രണയ ലീലകൾക്കും കാമോദ്ദീപനകരമായ ഇതര കൃത്യങ്ങൾക്കും ലൈസൻസ് കൊടുക്കുന്ന ഒരു സ്ഥലമാണെന്ന ചിന്തയോടു കൂടിയാണ് അവർ സാധാരണ ഈ വൃത്തിയിൽ പ്രവേശിക്കുന്നതു്. സിനിമാ കലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെയെല്ലാം മുഖത്ത് കരിവാരിത്തേക്കുന്ന നീചവും നിന്ദ്യവുമായ ഒരു സമ്പ്രദായമാണിതു്.



കെ. രവീന്ദ്രനും സോഫിയായും "ഗുൽഷാനിൽ". രവീന്ദ്രൻ സോഫിയായെ പ്രേമാഭ്യർത്ഥന നടത്തുവാൻവേണ്ടി വിജനസ്ഥലത്തേക്കാനയിക്കുന്ന രംഗം.

യശോധര: അതേ, ഇന്ത്യൻ സിനിമാതാരങ്ങൾ സദാചാര ലോകത്തിൽ അധഃപതിച്ചവരായോ അതിൽ നിന്നു് പുറംതള്ളപ്പെട്ടവരായോ പരിഗണിക്കപ്പെടുവാനുള്ള പ്രധാന കാരണമിതുതന്നെയാണു്. ഇന്ത്യയൊഴിച്ചുള്ള ഇതര രാജ്യങ്ങളിൽ സിനിമാഭിനയം ഏററവും ആദരണീയവും ഏററവും ഉൽകൃഷ്ടവുമായ ഒരു ജീവിത വൃത്തിയായിട്ടാണു് പരിഗണിക്കപ്പെട്ടുവരുന്നതു്. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ കാഷ്മീരിലുള്ള കുലീനമെങ്കിലും യഥാസ്ഥിതികമായ വിഖ്യാതമായ ഒരു കുടുംബത്തിൽ നിന്നാണു് ഞാൻ വരുന്നതു്. ഞാൻ എൻെറ പിതാവിനെ ഒരു ഉത്തമ സ്നേഹിതനെപ്പോലെയാണു് സ്നേഹിക്കുന്നതു്. എൻെറ പ്രിയ മാതാവാകട്ടെ എൻെറ മനോഗതികളെയും എൻെറ കലാ വാസനകളെയും നന്നായി ഗ്രഹിച്ചിട്ടുമുണ്ടു്. ഞാൻ ഇന്നു് ഒരു സിനിമാ താരമാണെങ്കിൽ, എൻെറ അമ്മയോടാണു് ഞാൻ അതിനു് കടപ്പെട്ടിരിക്കുന്നതു്.

നാർഗിസ്: സ്വസന്താനങ്ങളുടെ മനോഗതികളേയും കലാ വാസനകളേയും മനസ്സിലാക്കി പ്രവർത്തിക്കുന്ന മാതാപിതാക്കന്മാർ ഉള്ളവർ അനുഗൃഹീതർ തന്നെയാണു്. എന്നാൽ അങ്ങിനെയുള്ള മാതാപിതാക്കന്മാർ ഇന്ത്യയിൽ എത്ര വിരളമാണു്. ഇന്ത്യയിലെ മാതാപിതാക്കന്മാർ പലപ്പോഴും സ്വസന്താനങ്ങളിലുള്ള അവരുടെ ജന്മവാസനകളെ ഞെക്കിക്കൊല്ലുകയാണു് പതിവു്. ആ സന്താനങ്ങൾ വളർന്നുവന്നതിനു ശേഷവും അവരുടെ വ്യക്തിവിലാസത്തെ പ്രകാശിപ്പിക്കുന്നതിനുള്ള സൌകര്യമോ സ്വാതന്ത്ര്യമോ അവർക്കു ലഭിക്കുന്നില്ല.

യശോധര: അഭിനയ കല മാത്രമല്ല എനിക്കു് ഹൃദ്യമായിട്ടുള്ളതു്. സദ്ഗ്രന്ഥപാരായണാസക്തിയും എൻെറ ജീവിതത്തിലെ ഒരു പ്രധാന ഘടകമാണു്. നല്ലൊരു പുസ്തകം വായിക്കുവാൻ എനിക്കു് തരുക; ഒരു ഭൂകമ്പമുണ്ടായാൽക്കൂടി എൻെറ വായനയിൽ നിന്നു് ഞാൻ വിരമിക്കയില്ല.

നാർഗിസ്: സദ്ഗ്രന്ഥപാരായണം വളരെ നല്ലതുതന്നെ. എന്നാൽ ബാഡ്മിൻടൻ, നീന്തൽ എന്നിവയിലാണു് എനിക്കു കൂടുതൽ പ്രതിപത്തി. ഒരു ഡോക്ടർ ആയിത്തീരണമെന്നായിരുന്നു എൻെറ കുട്ടിക്കാലത്തെ മോഹം.

യശോധര: വിചിത്രം തന്നെ ! ഒരു ഡോക്ടരോ, ഒരു വക്കീലോ ആയിത്തീരേണമെന്നതായിരുന്നു എൻെറ ബാല്യകാലാഭിലാഷം. എന്നാൽ നിയതി മറെറാന്നിലേക്കാണു് തിരിച്ചുവിട്ടതു്.

നാർഗിസ്: അതേ, നീയൊരു വക്കീലായിത്തീരേണ്ടതായിരുന്നു. എന്തൊരു പ്രഭാഷണ ചാതുര്യമാണു് നിനക്കുള്ളതു്.

യശോധര: എൻെറ അമിതമായ സംസാരം കൊണ്ടു് ചാവിയില്ലാത്ത പാട്ടുപെട്ടിയെന്നാണു് ഞാൻ സാധാരണയായി വിളിക്കപ്പെടുന്നതു്. സരളവും മൃദുലവുമായ പ്രഭാഷണം തന്നെ ഒരു കലയല്ലേ?

നാർഗിസ്: അതേ, സംഭാഷണവും ഒരു കല തന്നെയാണു്. എന്നാൽ ഈ കലയേയും ദുരുപയോഗിക്കുന്നവർ ധാരാളമാണു്.

യശോധര: ഇന്ത്യൻ വെള്ളിത്തിരയിൽ ആധുനിക ഭാരതീയ യുവതിയെ ഒന്നിനും കൊള്ളരുതാത്ത ഒരു ഘടകമായി അവർ സദാചിത്രീകരിച്ചു കാണുന്നു. അവൾ ജീവിതത്തിൽ പുരുഷന്മാരുടെ വികാരവിചാരങ്ങളുടെ ഒരു കളിപ്പാട്ടം മാത്രമായി പരിഗണിക്കപ്പെടുന്നു ജീവസന്ധാരണത്തിനു വേണ്ടി ജോലി ചെയ്യുന്ന വനിത ഇന്ത്യയിൽ അപലപിക്കപ്പെടുകയും പലപ്പോഴും അവഹേളിക്കപ്പെടുകയും ചെയ്യുന്നു. ഗോതുല്യമായ ഒരു സ്ത്രീയാണു്, ഭർത്താവിൻെറ കളിപ്പാട്ടമായ ഒരു സ്ത്രീയാണു്, ഇന്ത്യൻ സ്ത്രീത്വത്തിൻെറ ഉത്തമ മാതൃകയെന്നു് പ്രകീർത്തിക്കപ്പെടുന്നതു്.

നാർഗിസ്: ഈ സ്ഥിതിഗതികൾക്കു് ആധുനിക ഭാരതത്തിൽ ഇനിയും പരിവർത്തനം ഉണ്ടാകാത്തതു് കഷ്ടം തന്നെ. ബുദ്ധിയും സ്വാഭിമാനവുമുള്ള ഒരു ഭാരതീയ തരുണി കാമലോലുപനായ ഒരു തരുണൻെറ— ഭർത്താവിൻെറ—അടിമയായിത്തീരുവാൻ വേണ്ടി സമസ്തവും ബലികഴിക്കേണമെന്നു് വരുന്നതും കഷ്ടമല്ലേ?

യശോധര: ഇന്ത്യയിലെ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരോടു് അനുവർത്തിക്കുന്ന നയത്തിനും ഇന്നൊരു പരിവർത്തനം—ഒരു വിപ്ലവം തന്നെ—ആവശ്യമായിത്തീർന്നിട്ടുണ്ടു്. എന്നാൽ ഭർത്താക്കന്മാരുടെ ഈ പ്രശ്നത്തിൽ ഞാൻ ഇപ്പോൾ തലയിടുന്നില്ല. അടുത്ത അഞ്ചുകൊല്ലത്തേയ്ക്കു് വിവാഹം എൻെറ ജീവിത നിഘണ്ടുവിൽ എഴുതപ്പെട്ടിട്ടില്ലാത്ത ഒരു പദമാണു്. 24 വയസ്സെങ്കിലും പൂർത്തിയാകാതെ ഇന്ത്യയിലെ തരുണികളാരും വിവാഹം ചെയ്യരുതെന്നാണു് എൻെറ അഭിമതം.

നാർഗിസ്: ഇന്ത്യയിലെ തരുണികൾ വിവാഹാനന്തരം അസ്വതന്ത്രകളായിത്തീരുകയാണു് ചെയ്യുന്നതു്. അപ്രകാരമുള്ളൊരു ജീവിതവുമായി സമ്പർക്കത്തിൽ ജീവിക്കുവാൻ നമുക്കു സാധിക്കുമോ? നാം ജോലി ചെയ്കയും സാമ്പത്തിക സ്വാതന്ത്ര്യം സമ്പാദിക്കയും ചെയ്യുന്നു. തങ്ങളുടെ ഭാര്യമാരുടെ വിവാഹത്തിനു മുമ്പുള്ള ജോലി തുടരുവാൻ മിക്ക ഇന്ത്യൻ ഭർത്താക്കന്മാർ സമ്മതിക്കയുമില്ല. അവർ അവരെ അതിനു് അനുവദിച്ചാൽ തന്നെയും ആ ഭർത്താക്കന്മാർ അതിൽ വലിയ പ്രസക്തി പ്രദർശിപ്പിക്കയുമില്ല. ഒരു സിനിമാ താരത്തിനു് ദാമ്പത്യജീവിതവുമായി പൊരുത്തത്തിൽ വർത്തിക്കുന്നതിനു് വളരെ പ്രയാസമുണ്ടു്.

യശോധര: വിശാലമനസ്കയായ, ഭാര്യയുടെ ആശയാഭിലാഷങ്ങളെ പരിപൂർണ്ണമായി മനസ്സിലാക്കുന്ന, അതേ സമയം തന്നെ തന്റെ പ്രേയസ്സിയിൽ സുദൃഢം പ്രേമബന്ധനായ, ഒരു ഭർത്താവാണെങ്കിൽ ഒരു സിനിമാ താരത്തിന്റെ ദാമ്പത്യജീവിതം സ്വർഗ്ഗീയമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

—ഠഠഠ—

# തിരുവിതാംകൂറിലെ തെരഞ്ഞെടുപ്പിനു ശേഷം

(കെ. വി. സക്കറിയാ)

മുമ്പൊക്കെ നടന്നു വന്നതിൽ നിന്ന് തുലോം വ്യത്യസ്ഥമായ രീതിയിലുള്ള ഒരു തെരഞ്ഞെടുപ്പാണ് തിരുവിതാംകൂറിൽ ഇപ്പോൾ കഴിഞ്ഞിരിക്കുന്നത്. സ്ഥാനാർത്ഥി ഏതു സമുദായത്തിൽ പെട്ടവനാണെന്ന് നോക്കിയായിരുന്നു സമ്മതിദായകന്മാർ അവരുടെ വോട്ടുകൾ ചിലവഴിച്ചു വന്നത്. ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒരു ക്രിസ്ത്യാനി ജയിച്ചാൽ അതിന്റെ സാമാന്യ അർത്ഥം ആ നിയോജക മണ്ഡലത്തിൽ ക്രിസ്ത്യാനികളാണ് ഭൂരിപക്ഷമെന്നോ അവർക്കാണവിടെ പ്രാബല്യം എന്നോ ആയിരുന്നു. ചുരുക്കത്തിൽ നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പ് എന്നു പറയുന്നത് സമുദായങ്ങൾ തമ്മിലുള്ള ഒരു മത്സരമായിരുന്നു. മൈത്രീ ഭാവത്തിൽ കഴിഞ്ഞുവന്ന പലരും തെരഞ്ഞെടുപ്പു മൂലം ബദ്ധവൈരികളായി മാറിയിട്ടുണ്ട്. തീരാവഴക്കുകളും ബദ്ധശത്രുതകളും ധാരാളം സംഭവിച്ചിട്ടുണ്ട്. അങ്ങിനെ തനി വർഗ്ഗീയതയിൽ കൂടി പ്രയാണം ചെയ്ത തിരുവിതാംകൂർ ജനതയെ ഒന്ന് പിടിച്ചുനിർത്തി ചിന്തിപ്പിക്കുന്നതിന് തിരുവിതാംകൂർ സ്റ്റേററു കോൺഗ്രസിന്റെ പത്തുകൊല്ലത്തെ പ്രവർത്തനം ഉപകരിച്ചിട്ടുണ്ട്. "ഉത്തരവാദഭരണത്തെക്കാൾ വലിയ ഒരു നേട്ടമാണ് പത്തുകൊല്ലത്തെ സമരം കൊണ്ട് നമുക്ക് ലഭിച്ചിരിക്കുന്ന സമുദായ സൌഹാർദ്ദം." എന്ന് ശ്രീ. ടി. എം. വറുഗീസ്, കുന്നത്തൂർ നായർ സമ്മേളനത്തിന്റെ സാമ്പത്തിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് പ്രസംഗിച്ചു. മി. ടി. എം. വർഗീസു പറയുന്നതുപോലെയുള്ള പരിപൂർണ്ണമായ സമുദായസൌഹാർദ്ദം നമുക്ക്, സിദ്ധിച്ചിട്ടുണ്ടോ എന്ന് തോന്നുന്നില്ല. അതിനുള്ള ഒന്നാംതരം തെളിവാണ് സമുദായ സംഘടനകളുടെ അചഞ്ചലമായ നിലനില്പ്., യഥാർത്ഥത്തിലുള്ള സമുദായസൗഹാർദ്ദം കൈവന്നാൽ അത് ഉത്തരവാദ ഭരണത്തെക്കാൾ വലിയ ഒരു നേട്ടമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. രഷ്ട്രങ്ങളും മതങ്ങളും ഭിന്നിച്ച് പരസ്പരം അകന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ തിരുവിതാംകൂറിൽ സമുദായങ്ങൾ തമ്മിൽ സ്നേഹവും സന്മനോഭാവവും വളർന്നുവരുന്നത് നമ്മുടെ സംസ്കാരികമായ ഉയർച്ചയെ കുറിക്കുന്നു. വർഗ്ഗീയാധിഷ്ഠാനത്തിൽ നിന്നും പാർട്ടി അടിസ്ഥാനത്തിലേക്കുള്ള ദുർഗ്ഗമമായവഴി പത്തു കൊല്ലത്തെ യാതന നിറഞ്ഞ യാത്രകൊണ്ട് തിരുവിതാംകൂർ ജനത ഏതാണ്ട് നടന്നു തീർത്തു. അതാതുകൂടി സ്ഥാനാർത്ഥി ഏതു സമുദായക്കാരനാണെന്നുള്ള ആ പഴയ ചിന്ത പരിത്യജിച്ച് അയാൾ ഏതു പാർട്ടിക്കാരനാണെന്ന അന്വേഷണത്തിനു പ്രാബല്യം സിദ്ധിച്ചിരിക്കുന്നു. ഹിന്ദു ഭൂരിപക്ഷമുള്ള നിയോജകമണ്ഡലങ്ങളിൽ നിന്ന് ക്രിസ്ത്യാനികളും, ക്രിസ്ത്യാനികൾ കൂടുതലായി അധിവസിക്കുന്ന സ്ഥലങ്ങളിൽ നിന്നു ഹിന്ദുക്കളും, കോൺസ്റ്റിററുവൻറ് അസംബ്ളിയിലേക്ക് പോയിക്കഴിഞ്ഞു. തിരുവിതാംകൂറിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഒരു ശുഭോദയത്തെയാണ് ഇതു സൂചിപ്പിക്കുന്നത്.

മുസ്ലീങ്ങൾക്കായി ഒഴിച്ചിടപ്പെട്ട 8 സീററുകൾ കഴിച്ച് 112 സീററുകളിലേക്ക് സ്റ്റേററു കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തി. കെ. എസ്സ്. പി, കമ്മ്യൂണിസ്ററുകാരോടും, സ്വതന്ത്രസ്ഥാനാർത്ഥികളോടും, തമിഴ്നാടു കോൺഗ്രസുകാരോടും സ്റ്റേററു കോൺഗ്രസ് മത്സരിച്ചു. നെയ്യാററിൻ കരയ്ക്ക് തെക്ക് സ്റ്റേററുകോൺഗ്രസ്സിന് നേരിട്ടപരാജയങ്ങളും ചേർത്തല ഒന്നാം ഗ്രൂപ്പിലെ പരാജയവുമൊഴിച്ചാൽ മറെറല്ലാനിയോജക മണ്ഡലങ്ങളിലും സ്റ്റേററു കോൺഗ്രസ് സ്ഥാനാർത്ഥികൾ വിജയശ്രീലാളിതരായി. 112 സീററുകളിൽ 97-ം സ്റ്റേററുകോൺഗ്രസിന് ലഭിച്ചു. തിരുവിതാംകൂറിലെ ഭൂരിപക്ഷമാളുകൾക്ക് സ്റ്റേററുകോൺഗ്രസിനോടുള്ള വിശ്വാസമാണല്ലോ ഇത് തെളിയിക്കുന്നത്. കെ. എസ്സ്. പി. കാർക്കും കമ്മ്യൂണിസ്ററുകാർക്കും സ്വതന്ത്രസ്ഥാനാർത്ഥികളിൽ ഒരാളൊഴിച്ചുള്ള മറെറല്ലാവർക്കും നേരിട്ട ലജ്ജാകരമായ പരാജയം ജനസാമാന്യത്തിന് അവരിലുള്ള അവിശ്വാസത്തെ വെളിവാക്കുന്നു. ഇങ്ങിനെയുള്ള ഒരുവമ്പിച്ച ജയം കരസ്ഥമാക്കിയെങ്കിലും അവധാനപൂർവ്വം സ്റ്റേററുകോൺഗ്രസ് പര്യാലോചിക്കേണ്ട പലേ സംഗതികളും ഈ തെരഞ്ഞെടുപ്പു മൂലം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കൊറ്റൂത്ത് മി. ആർ. ശങ്കർ മത്സരിച്ച നിയോജക മണ്ഡലം, തിരുവനന്തപുരം മൂന്നാം ഗ്രൂപ്പ്, ചെങ്ങന്നൂർ മി. കണ്ണാറ ഗോപാലപ്പണിക്കർ നിന്ന നിയോജകമണ്ഡലം മുതലായിടത്തെല്ലാം താരതമ്യേന സ്റ്റേററുകോൺഗ്രസിന് വോട്ടുകൾ കുറഞ്ഞുപോയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് സ്റ്റേററുകോൺഗ്രസു നേതാക്കന്മാർ ചിന്തിക്കേണ്ടതാണ്. സ്റ്റേററുകോൺഗ്രസ് പ്രസിഡണ്ട് ഒരിക്കൽ പ്രസംഗിച്ചു, ഉറപ്പക്കുററിയെ സ്റ്റേററു കോൺഗ്രസു സ്ഥാനാർത്ഥിയായി നിർത്തിയാലും വോട്ടു ചെയ്യണമെന്ന്. ആ പ്രസ്താവന അത്ര സ്വീകാര്യമല്ല എന്നല്ലെ തെക്കൻ തിരുവിതാംകൂറിലെ

യും ചേർത്തല ഒന്നാം ഗ്രൂപ്പിലേയും മേൽപ്പറയപ്പെട്ട നിയോജക മണ്ഡലങ്ങളിലേയും അനുഭവങ്ങൾ സ്റ്റേററു കോൺഗ്രസ്സ് പ്രസിഡണ്ടിനു് മനസ്സിലാക്കി കൊടുക്കുന്നതു്? സുസമ്മതന്മാരല്ലാത്ത വ്യക്തികൾക്കു് വോട്ടുകൊടുക്കുവാൻ ജനങ്ങൾ വൈമുഖ്യം പ്രദർശിപ്പിക്കുന്നു എന്നു വരികിൽ അതു് അവക്കു് സ്റ്റേററു കോൺഗ്രസ്സിനോടുള്ള അനുഭാവക്കുറവു കൊണ്ടല്ല എന്നു് സ്റ്റേററു കോൺഗ്രസ്സ് നേതാക്കന്മാർ ഇനിയെങ്കിലും മനസ്സിലാക്കണം.

കോൺസാംബ്ലി കൂടുന്ന ആ ദിനം—ദീർഘനാളുകളായി തിരുവിതാംകൂർ ജനത വിഭാവനം ചെയ്തുകൊണ്ടിരുന്ന ആ സുദിനം — അധികമകലെയല്ലല്ലൊ. ഭരണഘടനാനിർമ്മാണ സമിതിയാണെങ്കിലും നിയമസഭയായി അതു രൂപാന്തരപ്പെടുവാനും അതിൽനിന്നു തന്നെ ഒരു ഇടക്കാല ഗവർമ്മെൻറ് രൂപവല്ക്കരിക്കപ്പെടുവാനും സാദ്ധ്യതകൾ ഉണ്ടു്. ഉടനെ തന്നെ ഒരിടക്കാല ഗവർമ്മെണ്ടു് രൂപീകരിക്കുന്നതു് സംബന്ധിച്ചുള്ള ആലോചനകൾക്കായി ശ്രീ പട്ടം താണുപിള്ള ഗവർമ്മെൻറുമായി സമ്പർക്കത്തിലിരിക്കയാണെന്നും, ഇൻഡ്യൻ നേതാക്കന്മാരുമായുള്ള ആലോചനകൾക്കായി ശ്രീ. പട്ടം ഉടൻ തന്നെ ഡൽഹിക്കു് പോകുന്നുവെന്നും, പ്രശസ്ത നിയമപണ്ഡിതന്മാരുമായി ഇതേപ്പററി ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കയാണെന്നും പറയപ്പെടുന്നു. കോൺസാംബ്ലി കൂടുന്നതിനു് മുമ്പുതന്നെ ഇടക്കാല ഗവർമ്മെൻറ് രൂപവൽക്കരിക്കപ്പെട്ടുമെന്നാണല്ലൊ, ഇതുകൊണ്ടു് അനുമാനിക്കേണ്ടതു്. അങ്ങനെ ദീർഘനാളുകളായി ആഗ്രഹിച്ചുകൊണ്ടിരുന്ന ജനായത്തഭരണം ജനപ്രതിനിധികളടങ്ങിയ സ്റ്റേററു കോൺഗ്രസ്സ് ഏറെറടുക്കുവാൻ പോകുന്നു.

തിരുവിതാംകൂറിൻെറ ചരിത്രത്തിൽ ഒരു വല്ലാത്ത കാലഘട്ടമാണിതു്. ഗ്രാൻറ്സ്കൂൾ അദ്ധ്യാപകർ അവരുടെ അവസാന ആയുധമായ സത്യാഗ്രഹത്തിൽ ഏർപ്പെട്ടിരിക്കുന്നു. രാജ്യത്തിൽ പലേടത്തും അരി ലഭിക്കുന്നില്ല. മററു് ആഹാരസാധനങ്ങൾ ഒന്നും വേണ്ടപോലെ ഇല്ല. എൻ. ജി. ഒ. മാക്കു് ജീവസന്ധാരണത്തിനാവശ്യമായ ശമ്പളമില്ല. അനേകക്കു് തൊഴിലില്ല. വിമുക്ത ഭടന്മാക്കു് ജോലിയില്ല. അങ്ങനെ പലേ പ്രശ്നങ്ങളെയും ഉടനടി അഭിമുഖീകരിക്കേണ്ടതായിരിക്കുന്നു. അങ്ങനെയുള്ള ഓരോ പ്രശ്നത്തെയും ദീർഘദൃഷ്ടിയോടുകൂടി വീക്ഷിക്കുകയും വിശാലമനസ്ഥിതിയോടുകൂടി നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കയും ചെയ്യെങ്കിൽ മാത്രമേ സമാധാനപൂർണ്ണമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള ത്യാഗസന്നദ്ധത ഭാവി ഗവണ്മെൻറ് സ്വീകരിക്കുന്നില്ലെങ്കിൽ 10 കൊല്ലത്തെ യാതനാസമ്പൂർണ്ണമായ സമരം കൊണ്ടോ ഉത്തരവാദഭരണ സമ്പാദനം കൊണ്ടോ കാര്യമായ ഗുണങ്ങൾ ഒന്നും തന്നെ ഉണ്ടാകുവാൻ പോകുന്നില്ല. ഇന്നു് കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ്കാക്കു് ദയനീയമായ പരാജയമാണു് സംഭവിച്ചതെങ്കിൽ ഭാവിയിൽ അസൂയാഹമായ വിജയം അവക്കു് ലഭിക്കും കമ്മ്യൂണിസവും സോഷ്യലിസവും ഈ മണ്ണിൽ വളരുമെന്നു് അന്നു് മനസ്സിലാകും. വളരുക മാത്രമല്ല അതു് സ്റ്റേററു കോൺഗ്രസ്സിനെ നശിപ്പിക്കപോലും ചെയ്യേക്കും. കമ്മ്യൂണിസത്തെയും സോഷ്യലിസത്തെയും നാട്ടിൽനിന്നും തുരത്തിക്കളയുവാൻ പററിയ ഒരവസരമാണു് സ്റ്റേററു കോൺഗ്രസ്സിനു് ലഭിച്ചിരിക്കുന്നതു്. നിരോധനാജ്ഞകൾ കൊണ്ടോ ലാത്തി ബയണററുകൾ കൊണ്ടോ ഉള്ള ഒരു തുരത്തലല്ല. ആ മാർഗ്ഗമാണു് സ്വീകരിക്കുന്നതെങ്കിൽ സ്റ്റേററു കോൺഗ്രസ്സിനെ സംഹരിക്കുവാൻ സർ സി. പി. ശ്രമിച്ചതുപോലെ അതും പരാജയപ്പെട്ടുപോകയേയുള്ളൂ. ജനങ്ങളുടെ ആവശ്യങ്ങൾ കേട്ടു്, മനസ്സിലാക്കി ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഗവണ്മെൻറ് ഉററു പരിശ്രമിക്കുമെങ്കിൽ എതിർ ശക്തികളെല്ലാം ഒന്നിനുപുറകെ ഒന്നായി തിരോധാനം ചെയ്തുകൊള്ളും. സംതൃപ്തി നാട്ടിൽ ഓളം തല്ലും. തിരുവിതാംകൂർ ലോകദൃഷ്ടിയിൽ ഒരു മാതൃകാ രാജ്യമായി പ്രശോഭിക്കും. ആ ഒരു ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു് ശ്രീ പട്ടം താണുപിള്ളയും മററു നേതാക്കന്മാരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് വിശ്വസിക്കാം.


## നോട്ടീസ്

"ഉദയം" പ്രതിനിധിയായ മി. മാത്യു ടി. മാളിയക്കലിനെ 1948 ഫെബ്രുവരി 21-ാംനു-മുതൽ ഞങ്ങളുടെ പ്രതിനിധിയുടെ സ്ഥാനത്തു നിന്നും നീക്കിയിരിക്കുന്നതിനാൽ "ഉദയ"ത്തെ സംബന്ധിച്ച പണമിടപാടുകൾ യാതൊന്നുംതന്നെ അദ്ദേഹവുമായി ആരും ചെയ്തു പോകരുതെന്നു് അറിയിച്ചു കൊള്ളുന്നു.

മാനേജർ, ഉദയം.

## ആവശ്യമുണ്ടു്

കൊച്ചിയിലും മലബാറിലും ഉദയത്തിനു് വരിക്കാരെ ചേക്കുന്നതിനും ഏജൻറന്മാരെ നിയമിക്കുന്നതിനും പരസ്യങ്ങൾ സമ്പാദിക്കുന്നതിനും വേണ്ടി സമർത്ഥനായ ഒരു പ്രതിനിധിയെ ആവശ്യമുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് "ഉദയം" ആപ്പീസിൽ ഹാജരാകുക.

മാനേജർ, ഉദയം,
മട്ടാഞ്ചേരി, കൊച്ചി.

# UDAYAM

**The Anglo Vernacular Illustrated Weekly**

## OF KERALA

***Featuring:*** Art, Literature, Politics, Commerce, Agriculture, Cinema, Humour, Sports.

***Contributed by leading writers & Journalists.***

**The best Medium of Advertisement.**

PROPAGATE YOUR BUSINESS THROUGH THE **UDAYAM.**

**Tariff**

PER INSERTION

| | | | | |
|---|---|---|---|---|
| 4th Cover Page | ... | ... | Rs. | 150 |
| 2nd & 3rd Cover Page | ... | ... | ,, | 130 |
| Inside full Page | ... | ... | ,, | 110 |
| Inside half Page | ... | ... | ,, | 70 |

**FULL CHARGES OF ADVERTISEMENT ARE PAYABLE IN ADVANCE.**

For bookings please contact the

***Manager,*** UDAYAM

**P. J. THARAKAN & SONS,**

MARAKADAV, COCHIN.

# P. J. Tharakan & Sons

**Mattancherry, P. O.**

**COCHIN.**

★

COIR PRODUCTS • Manufacturers and Exporters of **Coir Yarn, Coir Mats, Mattings, Mourzouck Carpets, Coir Ropes, Stencilled Rugs, Cricket Pitches, Coir filters for Oil Mills Etc.**

▲

TEA •• O. P., B. O. P., Fannings renowned for fragrance and flavour.

▲

SPICES ••• **Garbled Black Pepper, Ginger, Turmeric Cardamom, Nutmegs, Cinnamon, Zenna leaves.**

★

***Our goods bear the***

***hall mark of Quality***

Supplies made to any part of the world.

ENQUIRIES SOLICITED


Printed and Published by P. J. Tharakan & Sons, Cochin from the Pearl Press, Cochin.